ദി ഡിഫെൻഡർ

Vol. No. 12 Issue No. 24 RNI Reg. No. 68089 / 97 Published From Perumbavoor 2009 December 16 Price: Rs.100/- P.A.

# ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ വിളിച്ചു കൂട്ടാൻ പേടി

ഐ.പി.സി സ്റ്റേറ്റ് കൗൺസിൽ വിളിച്ചുകൂട്ടാൻ നേതാക്കൻമാർക്കു ഭയം. ഇലക്ഷൻ കഴിഞ്ഞ് ഒരു കൗൺസിൽ മീറ്റിംഗ് മാത്രമാണ് നാളിതുവരെ നടന്നത്. അന്നു വലിയ പ്രശ്നങ്ങളുണ്ടാകുകയും ചെയ്തു. ഭരിക്കാൻ അറിയില്ലെങ്കിൽ ഇറങ്ങിപ്പോകൂ എന്ന് ഒരു കൗൺസിൽ അംഗം കെ.എം. ജോസഫിനോടു പറയുന്ന സ്ഥിതിവരെ ഉണ്ടായി. അതുകൊണ്ട് കൗൺസിൽ മീറ്റിംഗ് ഇനി വിളിക്കരുതെന്നുവരെ കെ.എം.ജോസഫിന് ഉത്തരവിടേണ്ടതായിവന്നു.

ഐ.പി.സിയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ തീർന്നു എന്നാണു വയ്പ്. പക്ഷേ കെ.എം. ജോസഫും ഫിലിപ്പ് പി. തോമസും തമ്മിലുള്ള പ്രശ്നം മാത്രമേ തീർന്നുള്ളൂ എന്നതാണു സത്യം. ഈ നേതാക്കൻമാർക്കുവേണ്ടി അരയും തലയും മുറുക്കി രംഗത്തിറങ്ങിയ അണികളെ അറിയിക്കാതെ ഒത്തുതീർപ്പുണ്ടാക്കിയതിലൂടെ തങ്ങളെ നേതാക്കൻമാർ വഞ്ചിച്ചു എന്നാണ് ഇരുപക്ഷത്തുമുള്ള കൗൺസിൽ അംഗങ്ങൾ പറയുന്നത്. ഈ പ്രശ്നം ഉമിത്തീ പോലെ നീറിക്കൊണ്ടിരിക്കയാണ്. അടുത്ത ദിവസങ്ങളിൽ ചില പ്രതികരണങ്ങൾ പുറത്തു വരുകയും ചെയ്യും.

പ്രശ്നം പരിഹരിച്ചശേഷം കൂടിയ പ്രസ്ബിറ്ററിയിൽ ചില പ്രശ്നങ്ങളുണ്ടായി എന്നത് അരമനരഹസ്യമാണ്. കെ.എം. ജോസഫ് ഭ്രാന്തനേപ്പോലെ ആക്രോശിക്കേണ്ടതായിപ്പോലും വന്നു. പ്രശ്നങ്ങൾ എങ്ങനെയാണു പരിഹരിച്ചതെന്നു വിശദീകരിക്കണം എന്ന് ഒരു പ്രസ്ബിറ്ററി അംഗം ആവശ്യപ്പെട്ടപ്പോഴാണ് ഉത്തരമില്ലാതായ കെ.എം.ജോസഫ് കൊഞ്ഞനം കുത്തിയത്.

പ്രസ്ബിറ്ററിയിൽ കെ.എം.ജോസഫിന് അലറി വിളിച്ചു പ്രതിഷേധക്കാരെ ഒതുക്കാൻ കഴിയും. കാരണം, പ്രസ്ബിറ്ററിയിലുള്ളതെല്ലാം പാസ്റ്റർമാരാണ്. അവർക്കു കെ.എം.ജോസഫിനെ ഭയപ്പെടാതെ പറ്റില്ല. എന്നാൽ



കെ.എം.ജോസഫ്



ഫിലിപ്പ് പി. തോമസ്

അതല്ല കൗൺസിലിലെ സ്ഥിതി. കൗൺസിൽ അംഗങ്ങൾ വിശ്വാസികളാണ്. അവർക്കു കെ.എം. ജോസഫിനെ ഒരതിരിലധികം ഭയപ്പെടേണ്ട കാര്യമില്ല. കെ.എം.ജോസഫിനു വിശ്വാസികൾക്കെതിരെ തക്ക കാരണം കൂടാതെ നടപടിയെടുക്കാനാവില്ല എന്നതു തന്നെ കാരണം. ആദ്യ കൗൺസിൽ മീറ്റിംഗിൽ കെ.എം.ജോസഫിനോടു രാജി വച്ച് ഇറങ്ങിപ്പോകാൻ പറഞ്ഞവർക്കെതിരെ ഒരു നടപടിയും എടുക്കാൻ കഴിഞ്ഞുമില്ലല്ലോ. അതുകൊണ്ടു കെ.എം. ജോസഫിനു കൗൺസിൽ അംഗങ്ങളെ ഭയപ്പെടാതെ പറ്റില്ല.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും കുമ്പനാട് കൺവൻഷനു മുൻപ് ഒരുവട്ടമെങ്കിലും കൗൺസിൽ വിളിച്ചു കൂട്ടിയില്ലെങ്കിൽ അതു കൂടുതൽ പ്രശ്നങ്ങൾക്കു വഴിവയ്ക്കും. അതുകൊണ്ട് ഒരു കൗൺസിൽ യോഗമെങ്കിലും കൺവൻഷനു മുൻപു നടന്നേക്കും. കൗൺസിൽ അംഗങ്ങളെ ശാന്തരാക്കാൻ നേതാക്കൻമാർ മുൻകൂട്ടിത്തന്നെ ശ്രമിക്കുകയും ചെയ്യും. പക്ഷേ ആ ശ്രമം എത്രത്തോളം വിജയിക്കുമെന്നു പറയാറായിട്ടില്ല.

ഏതാനും നേതാക്കൻമാർ തങ്ങളുടെ സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കാനായി നടത്തിയ കുത്സിത ശ്രമങ്ങളാണ് ഈ പ്രശ്നങ്ങൾക്കെല്ലാം വഴിവച്ചത്. പക്ഷേ ഇപ്പോൾ കളി കാര്യമായിരിക്കുന്നു. കുടത്തിൽ നിന്ന് ഇറക്കിവിട്ട ഭൂതംപോലെ പ്രശ്നം നേതാക്കൻമാരുടെ നിയന്ത്രണം വിട്ടു പോയിരിക്കുന്നു.

## പകൽക്കാലം

### ശുദ്ധീകരണശ്രമം പതിമ്മൂന്നാം വർഷം



പതിമ്മൂന്ന് അശുഭ സംഖ്യയാണേ....

# ഇവരെ ഒഴിവാക്കുക



കെ.എ.ഏബ്രഹാം



കെ.എ.തോമസ്

ഈ വിശുദ്ധൻമാരെ ഡിഫെൻഡറിന്റെ വായനക്കാർക്കു പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ. ഒന്നാമൻ അവറാൻ. രണ്ടാമൻ തോമ്മാ. ഇരുവരും സഹോദരങ്ങൾ. രണ്ടുപേരുടേയും തൊഴിലും ഒന്നുതന്നെ: തട്ടിപ്പും വ്യഭിചാരവും. ഇവർ ശാരോനിലെ പാസ്റ്റർമാരാണ്. തട്ടുപൊളിപ്പൻ പ്രസംഗം, അതുകഴിഞ്ഞാൽ ചെറ്റ പൊളിക്കൽ.

വായിൽ തോന്നിയതു കോതയ്ക്കു പാട്ട് എന്ന രീതിയിലാണ് ഇരുവരുടേയും പ്രസംഗം. കാണാപ്പാഠം പഠിച്ചു വച്ചിരിക്കുന്ന കുറെ വാചകങ്ങൾ മാലപ്പടക്കം പോലെ പൊട്ടിക്കുക എന്നതാണു പ്രസംഗ രീതി. സാമ്പിൾ http://www.tsbalan.com/avaran എന്ന വെബ് പേജിലുണ്ട്. മിമിക്രി കാസറ്റുകൾ കോപ്പിയടിച്ചുണ്ടാക്കിയ കുറെ തമാശകളും കിഴവിക്കഥകളും അകമ്പടിയായുണ്ടാകും. ഇവർ ബൈബിൾ വാക്യങ്ങൾക്കു കൊടുക്കുന്ന വ്യാഖ്യാനങ്ങൾ കേട്ടാൽ സാമാന്യ ബോധമുള്ളവർ വായ് പൊളിച്ച് ഇരുന്നുപോകും.

ദുർന്നടപ്പിന്റെ കാര്യത്തിൽ ചേട്ടനും അനിയനും സമം സമം. ചേട്ടന്റെ വീരകഥകൾ മേല്പറഞ്ഞ വെബ്സൈറ്റിലുണ്ട്. അനിയന്റെ കഥ കഴിഞ്ഞ രണ്ടു ലക്കങ്ങളിലായി വിശദീകരിച്ചിരുന്നല്ലോ. ചേട്ടന്റെ കലാവിരുത് വയനാട്ടിലും കോഴിക്കോട്ടും കോഴഞ്ചേരിയിലും തിരുവനന്തപുരത്തും മറ്റും തെളിഞ്ഞു. അനിയൻ കുവൈറ്റിലാണു ശുശ്രൂഷ നിവർത്തിച്ചത്. ആ വകയിൽ പൊതിരെ തല്ലും കിട്ടി.

വിവരക്കേടു പ്രസംഗിക്കുന്നതും വ്യഭിചരിക്കുന്നതും മറ്റും വലിയ കാര്യമല്ലെന്നു കരുതുന്നവർ ഈ അപൂർവ്വ സഹോദരങ്ങളെ ഇക്കൊല്ലവും കൺവൻഷനുകളിൽ പ്രസംഗിക്കാൻ വിളിക്കുമെന്നറിയാം. അതുകൊണ്ടു പറയട്ടെ, ഈ നീചൻമാരെ പ്രസംഗിക്കാൻ വിളിക്കുന്നവരെയും ഡിഫെൻഡർ ദുർന്നടപ്പുകാരായി പരിഗണിക്കും. പിന്നീട് എന്തു സംഭവിക്കുമെന്നു പറയേണ്ടതില്ലല്ലോ.

# ബലാൽസംഗവീരൻ കൗൺസിൽ അംഗം



ഇവന്റെ പേര് സ്റ്റാൻലി ജോർജ്. ഐ.പി.സിയിൽ സെന്റർ പാസ്റ്ററായിരുന്ന ഒരാളുടെ മകനാണ്. തൊഴിൽ: തട്ടിപ്പ്, വെട്ടിപ്പ്, വ്യഭിചാരം, ബലാൽസംഗം തുടങ്ങിയവ. എങ്കിലും ഐ.പി.സിയുടെ ജനറൽ കൗൺസിൽ അംഗമാണ് ഇഷ്ടൻ. അമ്മായിയമ്മയുമായി വരെ വ്യഭിചരിച്ചിട്ടുള്ള കെ.സി.ജോൺ പ്രസിഡന്റായിരിക്കുന്ന ഐ.പി.സിയിൽ ജനറൽ കൗൺസിൽ അംഗമാകാൻ എന്തുകൊണ്ടും യോഗ്യനാണിവൻ.

മൂന്നു വർഷം മുൻപു വരെ ഇവൻ ന്യൂയോർക്കിലായിരുന്നു താമസം. അവിടെ കാട്ടിക്കൂട്ടിയിട്ടുള്ള വൃത്തികേടുകൾ നിരവധിയുണ്ട്. അതൊക്കെ പിന്നാലെ പറയാം. ഇപ്പോൾ ഫിലാഡൽഫിയായിലാണ് ഇവന്റെ വാസം. അവിടെയും ഇഷ്ടൻ വിവിധതരം കലാകായിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. അതേപ്പറ്റിയും പിന്നാലെ വിശദീകരിക്കാം.

ഇവനേയും മറ്റൊരാളേയും കഴിഞ്ഞമാസം ഐ.പി.സിയുടെ ജനറൽ കൗൺസിലിലേക്കു തിരഞ്ഞെടുത്തു. ഇവനേപ്പോലൊരു നീചൻ ഐ.പി.സിയുടെ ജനറൽ കൗൺസിൽ അംഗമായിരിക്കരുത്. അതുകൊണ്ടാണ് ഇവനേക്കുറിച്ച് എഴുതുന്നത്.

കുറച്ചുകാലം മുൻപ് കേരളത്തിൽ നടന്ന ഒരു സംഭവം ആദ്യമായി പറയാം: ഇവൻ ഒരു സെന്റർ പാസ്റ്ററുടെ വീട്ടിൽ സന്ദർശനത്തിനെത്തി. രാത്രിയിൽ ഇവൻ ആ പാസ്റ്ററുടെ മകളെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു. പ്രായപൂർത്തിയാകാത്ത കുട്ടിയോടാണ് ഈ നീചൻ അതിക്രമം കാണിച്ചതെന്നോർക്കണം. ഏതായാലും ആ കുട്ടി ബഹളം വച്ചു. അതോടെ എല്ലാവരും ഉണർന്നു. അങ്ങനെ സംഭവം ഏവരും അറിഞ്ഞു. പാസ്റ്റർ ഉറങ്ങാതിരുന്നു മകളെ കാത്തു. പിറ്റേന്നുതന്നെ ഈ വിശുദ്ധനെ പറഞ്ഞുവിട്ടു.

അടുത്ത സംഭവം അതിലും ഗൗരവമുള്ളതാണ്. ഈ സംഭവത്തിലെ ഇരയും പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിതന്നെ. പക്ഷേ പീഡനത്തിനിരയായ പെൺകുട്ടിയുടെ ഭാവിയെ കരുതി ആ കുട്ടി ആരാണ് എന്നതിനെ സംബന്ധിച്ചു സൂചന പോലും നൽകുന്നില്ല. സംഗതി അഗമ്യഗമനമാണെന്നു മാത്രം പറയാം. (മനസ്സിലായില്ല, അല്ലേ? തൽക്കാലം അത്രയും മനസ്സിലാക്കിയാൽ മതി)

ഈ സംഭവത്തിൽ വെറും പീഡനശ്രമം മാത്രമല്ല ശരിക്കുള്ള പീഡനം തന്നെ നടന്നു. കൂടുതൽ വിശദീകരിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്നു പറഞ്ഞുകഴിഞ്ഞല്ലോ. ഏതായാലും ഈ സംഭവം ആരും അറിഞ്ഞില്ല എന്നാണ് സ്റ്റാൻലി കരുതിയിരിക്കുന്നത്. പക്ഷേ പീഡനത്തിനിരയായ കുട്ടി ഈ സംഭവം സ്ക്കൂളിലുള്ള ചില സുഹൃത്തുക്കളോടു പറഞ്ഞു. അവരിൽ നിന്ന് അവരുടെ മാതാപിതാക്കളറിഞ്ഞു. ഒടുവിൽ ഡിഫെൻഡറുമറിഞ്ഞു.

ആരാണു സ്റ്റാൻലി ജോർജ് എന്നു വായനക്കാർ മനസ്സിലാക്കാനായി രണ്ടു സംഭവം ചുരുക്കി പറഞ്ഞെന്നേയുള്ളൂ. ഈ ഇനത്തിൽ പെട്ട കുറച്ചധികം സംഭവകഥകളുണ്ട്. അവ ഒന്നൊന്നായി തുടർന്നുള്ള ലക്കങ്ങളിൽ വിശദമായി പറയാം.

## മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു

ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുകയാണ്. കൃത്യമായി വരിസംഖ്യ നൽകാത്തവരെ ഒഴിവാക്കിയശേഷം പുതിയ മെയിലിംഗ് ലിസ്റ്റ് അനുസരിച്ചാകും ജനുവരി മുതൽ ഡിഫെൻഡർ അയയ്ക്കുക. ഈ വിഷയം സംബന്ധിച്ച് ആർക്കും കത്തയയ്ക്കുന്നതല്ല. ഡിഫെൻഡർ ഇൻർനെറ്റിൽ തികച്ചും സൗജന്യമായി വായിക്കാവുന്നതാണ്. ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നവർ ദയവായി വിവരം അറിയിച്ചാൽ നിങ്ങളുടെ പേര് മെയിലിംഗ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതാണ്.

ദി ഡിഫെൻഡർ
Vol. No.12 Issue No.24 2009 December 16

# ശൂന്യമാക്കുന്ന മ്ലേച്ഛത

ശൂന്യമാക്കുന്ന മ്ലേച്ഛത അന്ത്യകാലത്തു വിശുദ്ധ സ്ഥലത്തുനിൽക്കും എന്ന് ദാനിയേൽ പ്രവചനം ആധാരമാക്കി കർത്താവായ യേശുക്രിസ്തു മുന്നറിയിപ്പു നൽകുകയുണ്ടായി. എതിർ ക്രിസ്തുവിന്റെ ഭരണകാലത്തു നിറവേറേണ്ട പ്രവചനമാണിത്. എങ്കിലും അധർമ്മത്തിന്റെ മർമ്മം ഇപ്പോൾത്തന്നെ വ്യാപരിക്കുന്നുണ്ട്. വിശുദ്ധിക്കും വേർപാടിനും ഊന്നൽ കൊടുക്കുന്നു എന്നഭിമാനിക്കുന്ന പെന്തക്കോസ്ത് സഭകളിൽ അധർമ്മം താണ്ഡവമാടുകയാണ്.

ലോകമെങ്ങും സുവിശേഷം പ്രചരിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചു എന്നു പറയപ്പെടുന്ന പവ്വർ വിഷനിൽ ഇപ്പോൾ സകലവിധ മ്ലേച്ഛതകളും അരങ്ങു തകർക്കുകയാണ്. ആത്മീയ ലോകത്തുള്ള സകല ദുരുപദേശങ്ങളും ദുർന്നട പടികളും ഈ ചാനലിലൂടെ പ്രചരിക്കുന്നു. വീണ്ടും ജനനം, വിശ്വാസസ്നാനം, വേർപാട് എന്നിവയേക്കുറിച്ച് അബദ്ധത്തിൽ പോലും പറയുന്നില്ല. ക്രിസ്തുമസ്സ് ആഘോഷം, വിഗ്രഹാരാധന, അന്യദൈവാരാധന തുടങ്ങിയവയെല്ലാം ഈ ചാനലിൽ നിർബ്ബാധം നടക്കുന്നു. രക്ഷിക്കപ്പെട്ടവരെന്നും രക്ഷിക്കപ്പെടാത്തവരെന്നും ഉള്ള വ്യത്യസം പവ്വർ വിഷൻ അംഗീകരിക്കുന്നതേയില്ല. ഇന്ത്യയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് സഭയെന്നു പറയപ്പെടുന്ന ഐ.പിസിയുടെ പ്രസിഡന്റാണ് ഈ ചാനൽ നടത്തുന്നതെന്നോർക്കണം.

പെന്തക്കോസ്ത് സഭകൾക്കുള്ളിലെ സ്ഥിതിയും ഇതൊക്കെത്തന്നെ. നേതാക്കൻമാരിൽ ഭൂരിപക്ഷവും ഗുരുതരമായ പാപങ്ങളിൽ അകപ്പെട്ടവരാണ്. വ്യഭിചാരം, ബലാൽസംഗം, സാമ്പത്തിക വെട്ടിപ്പ്, ശുദ്ധ തട്ടിപ്പ്, കള്ളപ്രവചനം തുടങ്ങിയവയിൽ ഏതെങ്കിലുമൊക്കെ ചെയ്യാത്ത നേതാക്കൻമാർ ഏറെയില്ല. ഇതൊന്നും പാപമായി പരിഗണിക്കപ്പെടുന്നതേയില്ല എന്നതാണ് ഏറ്റവും ഗൗരവമുള്ള സംഗതി.

കെ.എ.ഏബ്രഹാം എന്ന വ്യഭിചാരിയെ ശാരോൻ കൺവൻഷനു പ്രസംഗകനായി കയറ്റാൻ ശാരോൻ നേതാക്കൻമാർക്കു മടിയുണ്ടായില്ല. ഐ.പി.സി ജനറൽ കൗൺസിലിലേക്കു രണ്ടുപേരെ നോമിനേറ്റ് ചെയ്യേണ്ടതായി വന്നപ്പോൾ ഒരു സിനിമാ നിർമ്മാതാവിനേയും ഒരു ബലാൽസംഗ വീരനേയുമാണു കണ്ടെത്തിയത്. ദുർന്നടപ്പിന്റെ അവതാരങ്ങളായ സാമച്ചൻ, സുരേഷ് ബാബു, കെ.എ.ഏബ്രഹാം, കെ.എ.തോമസ്, പുതുപ്പള്ളിയച്ചൻ തുടങ്ങിയവർ കൺവൻഷൻ സ്റ്റേജുകൾ അടക്കി വാഴുന്നു. സമൃദ്ധിയുടെ ഉപദേശം പെന്തക്കോസ്തിന്റെ അവിഭാജ്യ ഘടകമായിരിക്കുന്നു. നേതാക്കൻമാർ പ്രതികരിക്കുന്നതേയില്ല. ശൂന്യമാക്കുന്ന മ്ലേച്ഛത ഇപ്പോൾത്തന്നെ വിശുദ്ധസ്ഥലത്തെത്തിയിരിക്കുന്നു എന്നു വ്യക്തം.

# സത്യം സത്യമായി

ചെകുത്താനും കടലിനും ഇടയിൽ എന്ന ചൊല്ലിന്റെ ശരിയായ അർത്ഥം മനസ്സിലാക്കണമെങ്കിൽ ആന്ധ്രയിലെ സംഭവങ്ങൾ കണ്ടാൽ മതി. തെലുങ്കാന സംസ്ഥാനം അനുവദിച്ചില്ലെങ്കിൽ ഹൈദ്രാബാദ് കത്തും. അനുവദിക്കാമെന്നുവച്ചാൽ അന്ധ്രാ മുഴുവൻ കത്തും. ഇതിൽ ഏതു പക്ഷത്തു നിൽക്കണമെന്നറിയാതെ രാഷ്ട്രീയ പാർട്ടികൾ കുഴയുന്നു. തെലുങ്കാന വേണമെന്നു തെലുങ്കാനയിലും വേണ്ടെന്നു മറ്റു പ്രദേശങ്ങളിലും പ്രസംഗിക്കുകയേ നിവൃത്തിയുള്ളൂ.

പട്ടിണി കിടന്നാൽ സംസ്ഥാനം കിട്ടുമെങ്കിൽ ആ വഴിക്കു നീങ്ങാമെന്നു മറ്റുള്ളവർ കൂടി തീരുമാനിച്ചാൽ ഇന്ത്യയിൽ കുറച്ചധികം സംസ്ഥാനങ്ങൾ ഉണ്ടാക്കേണ്ടതായി വരും. ഗൂർഖാലാന്റ് കിട്ടാനായി 96 മണിക്കൂർ ബന്ദ് നടത്തുന്നു ഡാർജിലിംഗിലെ ഗൂർഖകൾ. അനിശ്ചിതകാല നിരാഹാരവും ആരംഭിച്ചു കഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളിലെ സ്ഥിതിയും മറിച്ചല്ല.

കാര്യങ്ങൾ ഈ രീതിയിൽ പുരോഗമിച്ചാൽ കേരളം വിഭജിച്ചു മൂന്നു സംസ്ഥാനങ്ങൾ ഉണ്ടാക്കണമെന്ന വാദവും ഉണ്ടാകാം. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായിരുന്നല്ലോ കേരളം. അതു പുന:സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് ഒരു സമരം ആകാം. ആ വകയിൽ കുറെ രക്തസാക്ഷികളേയും സൃഷ്ടിക്കാം. വാസ്ക്കോഡിഗാമ കേരളത്തിൽ കാലു കുത്തുന്നതിനു മുൻപുള്ള സ്ഥിതിയിലേക്കു കേരളത്തെ മടക്കി കൊണ്ടുപോകണമെന്ന് ആരെങ്കിലും വാദിക്കുമോ എന്നേ ഇനി അറിയാനുള്ളൂ.

മതപരിവർത്തനത്തിനു നിയന്ത്രണം കൊണ്ടുവരാൻ നിയമമുണ്ടാക്കണമെന്നു ഹൈക്കോടതി പറഞ്ഞിരിക്കുന്നു. നിർബ്ബന്ധിച്ചോ, ചതിയിൽ പെടുത്തിയോ, തെറ്റിദ്ധരിപ്പിച്ചോ, വാഗ്ദാനങ്ങൾ നൽകിയോ മതം മാറ്റുന്നതു തടയണമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇത്തരമൊരു നിയമം എത്രത്തോളം പ്രായോഗികമാകും എന്നു കണ്ടുതന്നെ അറിയണം. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചില്ലെങ്കിൽ നരകത്തിൽ പോകും എന്നു പറഞ്ഞാൽ ഭീഷണിയായി. യേശുവിൽ വിശ്വസിച്ചാൽ സ്വർഗ്ഗത്തിൽ പോകാം എന്നു പറഞ്ഞാൽ മോഹന വാഗ്ദാനം നൽകി മതപരിവർത്തനത്തിനു ശ്രമിച്ചു എന്നു വ്യാഖ്യാനിക്കാം. മതപരിവർത്തനത്തിനു നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമങ്ങൾ ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിൽ ഇപ്പോൾത്തന്നെ നിലവിലുണ്ട്. പക്ഷേ ഇത്തരത്തിലുള്ള ഒരു നിയമം കേരളത്തിൽ കൊണ്ടുവരാൻ ശ്രമിച്ചാൽ എന്താകും സ്ഥിതി എന്നു കണ്ടുതന്നെ അറിയണം.

ഇത്തവണ പുത്രൻജിക്ക് മൂന്നു രൂപയുടെ അംഗത്വം കിട്ടുമോ? കിട്ടുമെന്നുള്ള പ്രതീക്ഷയിലാണു മുരളീധർജി. പലവിധത്തിലുള്ള പ്രകോപനങ്ങൾ ഉണ്ടായിട്ടും പുത്രൻ മൗനം വ്രതമാക്കിയിരിക്കുന്നതിന്റെ ഗുട്ടൻസും ഇതു തന്നെ. വായിൽ തോന്നിയതൊക്കെ വിളിച്ചു പറഞ്ഞതിന്റെ ഫലം ശരിക്ക് അനുഭവിച്ചു. വഴിയാധാരമായതും ഈ വിധത്തിൽ തന്നെ. വീണ്ടും അതേ കുഴിയിൽ വീഴുന്നതു വിഡ്ഢിത്തമല്ലേ.

എവിടെ ബോംബു പൊട്ടിയാലും മഅ്ദനി സംശയത്തിന്റെ നിഴലിലാകും. ഏതെങ്കിലും ഭീകരവാദിയെ പിടിച്ചാലുള്ള പുകിലു പറയാനുമില്ല. ഇത്തവണയും പതിവു തെറ്റിയില്ല. നസീറിനെ പിടിച്ചതോടെ മഅ്ദനി മാത്രമല്ല ഭാര്യയും കുഴപ്പത്തിലായിരിക്കുന്നു. ഇത്തവണ സംഗതി കുറച്ചു ഗൗരവമുള്ളതാണെന്നും തോന്നുന്നു. ഇവർ കുറ്റവാളികളാണെങ്കിൽ ശിക്ഷിക്കപ്പെടണം എന്നതിനു സംശയമില്ല. പക്ഷേ വെറും സംശയത്തിന്റെ പേരിൽ വേട്ടയാടപ്പെടുകയാണെങ്കിൽ അതു കടുത്ത മനുഷ്യാവകാശ ലംഘനമായിരിക്കും എന്നു പറയാതെവയ്യ.

തച്ചങ്കേരിയെ ബാംഗ്ലൂരിലേക്കു വിട്ടതു സർക്കാരല്ലെന്നു മുഖ്യമന്ത്രി. അദ്ദേഹത്തെ വിട്ടത് ആഭ്യന്തര വകുപ്പാണെന്ന് ആഭ്യന്തര മന്ത്രി. സംഗതി ചൂടുപിടിക്കുമെന്നും അത്യുഗ്രൻ ഒരു പൊട്ടിത്തെറിയുണ്ടാകുമെന്നും കരുതി കാത്തിരുന്നവർക്കു തെറ്റി. ഒരു ചുക്കും സംഭവിച്ചില്ല. ആഭ്യന്തര മന്ത്രി പറഞ്ഞതാണു ശരിയെന്നു മുഖ്യമന്ത്രി പറഞ്ഞതോടെ പ്രശ്നം തീർന്നു. അപ്പോൾ മുഖ്യമന്ത്രി കള്ളം പറയുകയായിരുന്നോ? അല്ലെന്നു മുഖ്യമന്ത്രി വിശദീകരിച്ചു. പത്രക്കാരു ചോദിച്ചപ്പോൾ അങ്ങനെ പറഞ്ഞുപോയെന്നു മാത്രം. (കൊള്ളാമല്ലോ).

ബസ്സ് ചാർജ് വർദ്ധിപ്പിക്കേണ്ടെന്നു സർക്കാർ തീരുമാനിച്ചു. വിദ്യാർത്ഥികളുടെ യാത്രാനിരക്കു വർദ്ധിപ്പിക്കാൻ അനുവദിക്കില്ലെന്നു വിദ്യാർത്ഥി സംഘടനകൾ പ്രഖ്യാപിച്ചു. അങ്ങനെയെങ്കിൽ സമരമല്ലാതെ മറ്റൊരു പോംവഴിയുമില്ലെന്നു ബസ്സ് ഉടമകളും പറയുന്നു. പൊതുജനം എന്തു ചെയ്യുമെന്നു പറയാറായിട്ടില്ല. വിശേഷിച്ചു പറയാനൊന്നുമില്ല എന്നതാണു വസ്തുത. ആരു സമരം ചെയ്താലും വലയുന്നതു പൊതുജനമാണല്ലോ. ബസ്സുടമകൾ കുറെ ദിവസം സമരം നടത്തും. ജനം ശരിക്കു വലയും. ഒടുവിൽ സർക്കാർ ഇടപെട്ട് ബസ്സ് ചാർജ് വർദ്ധിപ്പിക്കും. ജനം കഷ്ടപ്പെട്ടതു മാത്രം മിച്ചമാകും.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും. രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും. എന്നാൽ ദാനീയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ – വായിക്കുന്നവൻ ചിന്തിച്ചു കൊള്ളട്ടെ – അന്നു യെഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ; (മത്താ. 24: 12–16)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**OR www.tsbalan.org**

**വ്യാജൻമാരെ തിരിച്ചറിയുക: http://fraud.name**

<u>ബൈബിൾ റേഡിയോ</u>

**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.
(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ററി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

ററി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.ററി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# കൺഫ്യൂഷൻ തീർക്കണമേ...



സാൻ ഹൊസെയിലെ ഓപ്പൺ ബൈബിൾ ചർച്ചിന്റെ പാസ്റ്ററായ റോയി വർഗീസിന് ഇപ്പോൾ ഒരു പ്രാർത്ഥനയേയുള്ളൂ: ''കൺഫ്യൂഷൻ തീർക്കണമേ...'' എന്നാണത്. എന്തു കൺഫ്യൂഷനാണു റോയിക്കു തീർത്തു കിട്ടേണ്ടത്? പറയാം: ബാലനു സാൻ ഹൊസെയിലെ വിവരങ്ങൾ ചോർത്തിക്കൊടുക്കുന്നതാര്? അതാണു പ്രശ്നം. റോയി വർഗീസ് ഉറക്കെ ഒന്നു തുമ്മിയാൽ ബലനറിയും. ഇതെന്തു മറിമായം? ഒരു പിടിയും കിട്ടുന്നില്ല.

റോയി വർഗീസ് സഭയുടെ പണം മോഷ്ടിച്ചു ബഥനി അക്കാഡമിക്കു കൊടുത്തതു ബാലനറിഞ്ഞു. അതു ഡിഫെൻഡറിൽ വാർത്തയുമായി. മോഷണ പ്രശ്നം മൂത്ത് പലരും സഭ വിട്ടു. അതും ബാലനറിഞ്ഞു. സഭയിൽ കമ്മറ്റി പുന:സംഘടിപ്പിച്ചതും സ്വന്തക്കാരെ ഭാരവാഹികളാക്കിയതും ഉടൻ തന്നെ ബാലന്റെ ചെവിയിലെത്തി. ഇപ്പോൾ സഭകൾ ഒന്നാക്കാൻ നടക്കുന്നതും ഡിഫെൻഡറിൽ വാർത്തയായി. ബാലൻ എങ്ങനെയാണ് ഇതൊക്കെ അറിയുന്നത്? ആകെക്കൂടി കൺഫ്യൂഷനായി എന്നു പറഞ്ഞാൽ മതിയല്ലോ. ഈ കൺഫ്യൂഷൻ മാറ്റിക്കിട്ടാനും ബാലന്റെ ചാരനെ കണ്ടെത്താനുമാണ് റോയിയുടെ പ്രാർത്ഥന.

# എൽദോസും മേല്പടി തന്നെ

വെറുതെ എൽദോസ് എന്നു പറഞ്ഞാൽ ആളാരാണെന്നു മനസ്സിലാകില്ലെന്നറിയാം. അതുകൊണ്ട് കക്ഷിയെ പരിചയപ്പെടുത്താം: എറണാകുളം ജില്ലയിൽ പുത്തൻകുരിശിനടുത്ത് വെള്ളൂരിൽ പെന്താലയിൽ പി.വി.തോമസിന്റെ മകനും ശാരോനിലെ പാസ്റ്ററുമായ എൽദോസിന്റെ (38) കാര്യമാണു പറയാൻ പോകുന്നത്. വലിയ കുഴപ്പക്കാരനൊന്നുമായിരുന്നില്ല ഇദ്ദേഹം. മാനംമര്യാദയ്ക്കു ദൈവവേല ചെയ്തിരുന്നു. പക്ഷേ ഇയിടെ ഒരു പ്രശ്നമുണ്ടായി. അതേപ്പറ്റിയാണു പറയാൻ പോകുന്നത്.

ഡിസംബർ മൂന്നാം ആഴ്ചയിൽ മൂന്നു ദിവസം ഈ ചങ്ങാതി എറണാകുളം ജില്ലയിലെ കരിമുകൾ എന്ന സ്ഥലത്തുവച്ച് കെ.എ. ഏബ്രഹാമിന്റെ മീറ്റിംഗ് നടത്തുന്നതായി അറിഞ്ഞു. കെ.എ.ഏബ്രഹാം വ്യഭിചാരിയാണെന്നറിയാം. അങ്ങനെയൊരാളെ മീറ്റിംഗിനു വിളിക്കുന്നവനും വ്യഭിചാരിയാകാനാണു സാദ്ധ്യത. നീ ആരെന്നറിയാൻ നിന്റെ സ്നേഹിതനാരെന്നറിഞ്ഞാൽ മതി എന്നാണല്ലോ ചൊല്ല്. ഒരു പക്ഷേ കെ.എ.ഏബ്രഹാം വ്യഭിചാരിയാണെന്ന വസ്തുത എൽദോ അറിഞ്ഞിട്ടുണ്ടാകില്ല. ഇങ്ങനെയൊരു സംശയമുണ്ടായ ഉടൻ എൽദോസിനെ വിളിച്ചു വിവരമറിയിച്ചു. കെ.എ.ഏബ്രഹാം വ്യഭിചാരിയാണെന്ന കാര്യം എൽദോസിനു ബോദ്ധ്യപ്പെടുകയും ചെയ്തു. എന്നിട്ടും എൽദോസ് പ്രോഗ്രാം ക്യാൻസലാക്കിയില്ല. അതുകൊണ്ടു ഡിഫെൻഡർ എൽദോസിനേക്കുറിച്ച് ഒരന്വേഷണം നടത്തിനോക്കി. അങ്ങനെ ആ രഹസ്യം വെളിപ്പെട്ടു. എൽദോസും മേല്പടി തന്നെ. പുത്തൻകുരിശു ഭാഗത്തുള്ള ഒരു പാസ്റ്ററുടെ ഭാര്യയുമായി ഇവൻ അടുത്ത കാലത്ത് അവിഹിതബന്ധത്തിനു ശ്രമിച്ചു. ആ സ്ത്രീ ദൈവദാസിയായതുകൊണ്ട് എൽദോസിന്റെ ഇംഗിതം നടന്നില്ല. പക്ഷേ ഈ സംഭവം നാട്ടിൽ പാട്ടായി. അതിന്റെ ജാള്യം മാറ്റാനാണ് ഈ കൺവൻഷൻ നടത്തുന്നത്. അവറാൻ പ്രസംഗിച്ച് ഒരു ഓളമുണ്ടാക്കും. ആ ഓളത്തിൽ ദുർന്നടപ്പുകേസ്സ് ഒഴികിപ്പോകും. അങ്ങനെ പ്രശ്നമൊക്കെ തീർന്നു നല്ലപേരു തിരിച്ചു കിട്ടിക്കഴിയുമ്പോൾ ശാരോൻ വിട്ട് ചർച്ച് ഓഫ് ഗോഡിൽ ചേരാം. ഇങ്ങനെയൊക്കെയാണ് എൽദോസ് കരുതുന്നത്. പക്ഷേ അതൊന്നുമല്ല നടക്കാൻപോകുന്നത്. ദുർന്നടപ്പുകേസ്സ് എല്ലാവരും അറിയും. ചർച്ച് ഓഫ് ഗോഡിൽ കയറാനും പറ്റില്ല.



# ബാബു ജോൺ ഡോയല്ല



ബാബു ജോണിനു മറുപടിയില്ല. അതോടെ ഒരു കാര്യം വ്യക്തമായി. ഇദ്ദേഹത്തിന്റെ ഡോയും ചുമ്മാഡോയാണ്. കേരള യൂണിവേഴ്സിറ്റിയിൽ ഇദ്ദേഹം ഇംഗ്ലീഷ് എം.എ.യ്ക്കു പഠിച്ചു എന്നതു ശരിതന്നെ. പക്ഷേ പരീക്ഷ എഴുതിയില്ല. ഇംഗ്ലണ്ടിൽ വന്ന് ഇംഗ്ലീഷ് എം.എ., പി.എച്ച്.ഡി എന്നിവ പാസ്സായി എന്നു പറയുന്നതു ശുദ്ധ ഭോഷ്ക്ക്. അങ്ങനെ സംഭവിച്ചിട്ടില്ല. ഇദ്ദേഹം പഠിച്ചതായി പറയുന്ന സ്ഥാപനത്തിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ., പി.എച്ച്.ഡി. എന്നീ കോഴ്സുകൾ പഠിപ്പിക്കുന്നുമില്ല. അതുകൊണ്ട് ഇദ്ദേഹത്തെ ഇനി ഡോ.ബാബു ജോൺ എന്നു വിളിക്കുന്നത് ഡോ.കെ.സി. ജോൺ, ഡോ.ബാബു ജോർജ് എന്നൊക്കെ വിളിക്കുന്നതുപോലുള്ള ഒരു തമാശയായിരിക്കും.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ഇദ്ദേഹം കേരളത്തിൽ വച്ച് ഇംഗ്ലീഷ് എം.എയ്ക്കു പഠിച്ചതാണ്. അതുകൊണ്ട് ഇംഗ്ലീഷിൽ സാമാന്യം അറിവുമുണ്ട്. അത്രയും നന്ന്.

# ഡേവിഡ്സൺ ലാന്റ് ചെയ്തു



കുവൈറ്റ് പര്യടനം കഴിഞ്ഞു ഡേവിഡ്സൺ മടങ്ങിയെത്തി. കുവൈറ്റിൽ ഒരു മെസ്സിലാണ് ഇദ്ദേഹം താമസിച്ചിരുന്നത്. അവിടെവച്ച് ഒരു അറബിയുടെ കൈവയ്പ്പു ലഭിക്കുകയും ചെയ്തു. ഈ വിവരങ്ങളൊക്കെ ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഏതായാലും ഡേവിഡ്സൺ കുറഞ്ഞ പുള്ളിയൊന്നുമല്ല. അതു ഡേവിഡ്സൺ തന്നെ പറയും. ഇയാൾ ഒരിക്കൽ പത്തനംതിട്ടയിൽ വച്ചു ടി.എസ്.ബാലനെ അടിച്ചു. തിരുവനന്തപുരത്തുവച്ചും അടിച്ചു. കൂടാതെ പെരുമ്പാവൂരിൽ ബാലന്റെ വീട്ടിലെത്തിയും അടിച്ചു. ഒരു പ്രശ്നം മാത്രം: ഈ അടിയൊക്കെ നടന്നത് ഭാവനാലോകത്താണ്. ബാലനെ ഡേവിഡ്സൺ നാളിതുവരെ നേരിൽ കണ്ടിട്ടുപോലുമില്ല എന്നതാണു സത്യം. ഇനി പറയൂ, ഇയാൾ അസ്സാധാരണ വീരനല്ലേ?

# ടി.ജി.കോശിക്കു വയറുനിറഞ്ഞു



ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പ്രസിഡന്റും മണക്കാല ഫെയ്ത്ത് സെമിനാരിയുടെ പ്രിൻസിപ്പാളുമായ ടി.ജി.കോശിക്ക് ഈയിടെ ശരിക്കും വയറു നിറഞ്ഞു. ഒരു വിവാഹ സദ്യയിൽ വച്ചാണ് വയറു നിറച്ചു കിട്ടിയത്. നാളിതുവരെ ടി.ജി.കോശി വിശന്നു നടക്കുകയായിരുന്നോ എന്നൊക്കെ ചോദിക്കാൻ വരട്ടെ. വളച്ചു കെട്ടാതെ, നേരേചൊവ്വേ, സംഭവം വിവരിച്ചേക്കാം.

അഹങ്കാരത്തിനു കൈയ്യും കാലും വച്ചതാണു ടി.ജി. കോശി എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ശാരോനിലെ പാസ്റ്റർമാരുടേയും വിശ്വാസികളുടേയും മുൻപിൽ ഈ അഹങ്കാരമൊക്കെ ചെലവാകുകയും ചെയ്യും. പക്ഷേ വിവാഹ സല്ക്കാരത്തിൽ പങ്കെടുക്കുമ്പോൾ അഹങ്കാരം മാറ്റി വയ്ക്കുകയാണു നല്ലത്.

മറ്റുള്ളവരോടൊപ്പമിരുന്നു ടി.ജി.കോശി ഭക്ഷണം കഴിക്കുകയാണ്. പക്ഷേ ഭക്ഷ്യവസ്തുക്കളൊന്നും ടി.ജി.കോശിക്കു രുചികരമായി തോന്നിയില്ല. അതുകൊണ്ട് അവ ഓരോന്നായി എടുത്ത് വേയ്സ്റ്റ് പാത്രത്തിലേക്ക് എറിയാൻ തുടങ്ങി. ഈ പരിപാടി കുറച്ചധികം നേരം തുടർന്നു. അടുത്തിരുന്ന പലരുടേയും ദേഹത്ത് എച്ചിൽ വീണു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന ഒരാൾക്ക് ഈ അഹങ്കാരം സഹിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം ടി. ജി.കോശിക്ക് അല്പസമയം ''ടേബിൾ മാനേഴ്സ്'' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. പിറിപ്പിക്കൽ പച്ച മലയാളത്തിലായിരുന്നതുകൊണ്ടു ടി.ജി. കോശിക്കു മാത്രമല്ല മറ്റുള്ളവർക്കും വിഷയം നന്നായി മനസ്സിലായി. അതോടെ ടി.ജി.കോശിയുടെ വയർ ശരിക്കു നിറഞ്ഞു.

# ഇതെന്താണാവോ?

മരുപ്പച്ചയുടെ ഡിസംബർ 5 ലക്കം പേജ് 11ൽ കണ്ട ഒരു പരസ്യത്തിന്റെ ആദ്യഭാഗം താഴെ കൊടുക്കുന്നു. ഇതിന്റെ അർത്ഥം എന്താണെന്ന് ആർക്കെങ്കിലും പിടികിട്ടിയെങ്കിൽ വിവരം തരിക.

*World a lady staff for children home, English and Computer knowledge is necessary send Biodata as contact below address.*

# ഹൃദയ വാൽവ് മാറ്റിവയ്ക്കണം



''ദൂരെ വാനിൽ സൂര്യചന്ദ്രഗോളങ്ങളേയും കടന്നു ഞാൻ'' തുടങ്ങി അനേക ക്രൈസ്തവ ഗാനങ്ങളുടെ രചയിതാവും ''ഉണ്ണിക്കുട്ടനും കുഞ്ഞിപ്പട്ടവും'' എന്ന ബാലസാഹിത്യ കൃതിയടക്കമുള്ള പുസ്തകങ്ങളുടെ എഴുത്തുകാരനുമായ സാബു വയലുങ്കൽ ഹൃദയസംബന്ധമായ രോഗത്താൽ ഭാരപ്പെടുന്നു. മല്ലപ്പള്ളിക്കടുത്ത് പുല്ലുകുത്തിയിൽ സഭാശുശ്രൂഷകനായിരിക്കുന്ന സാബു വയലുങ്കൽ കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയ വാൽവു മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ഒരുങ്ങുകയാണ്. വളരെയധികം ചെലവുള്ള ഈ ചികിത്സക്ക് ദൈവമക്കളുടെ പ്രാർത്ഥനയും സഹായവും ആവശ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ–9446714470.
Account Details: SBT, Erumely A/c. No. 67095254050.
വിലാസം: Evg. V.K.Sabu, Vayalumkal, Kuruvamoozhy P.O., Erumely, Kottayam Dist. Pin. 686 509.



# ഐ.പി.സിക്കാർ സിനിമ കാണാൻ തിയേറ്ററിൽ പോകുമോ?

ഐ.പി.സിക്കാർ സിനിമ കാണാൻ തിയേറ്ററിൽ പോകുമോ? സഭയുടെ അനുവാദമുണ്ടെങ്കിൽ പോകും എന്നാണു മറുപടിയെങ്കിൽ ചോദ്യം അല്പം പരിഷ്ക്കരിക്കാം: ഐ.പി.സിയിലെ പാസ്റ്റർമാർക്കും വിശ്വാസികൾക്കും തിയേറ്ററിൽ പോയി സിനിമ കാണാൻ സഭാനേതൃത്വം അനുവാദം കൊടുക്കുമോ? ഇല്ല എന്നാണ് ഉത്തരമെങ്കിൽ അത് ഐ.പി.സി ജനറൽ കൗൺസിൽ അംഗമായ ഒരാൾക്ക് അതിഭയങ്കരമായ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന തീരുമാനമാണെന്നു പറയാതെവയ്യ.

ഇത്രയും പറഞ്ഞപ്പോൾ ചിലർക്കൊക്കെ കാര്യം പിടികിട്ടിക്കാണുമല്ലോ. എങ്കിലും സംഭവം എന്തെന്നു തിരിയാത്തവർക്കു വേണ്ടി സംഗതി വളച്ചു കെട്ടാതെ പറയാം: ഐ.പി.സി ജനറൽ കൗൺസിൽ അംഗമായ ജോർജ് മത്തായി സി.പി.എ സിനിമ നിർമ്മിക്കുന്നു. സിനിമ എന്നു പറഞ്ഞാൽ മിശിഹാ ചരിത്രം പോലുള്ള സിനിമയല്ല, ഡോക്കുമെന്ററിയുമല്ല, തിയേറ്ററിൽ പ്രദർശിപ്പിക്കാനുള്ള സാക്ഷാൽ സിനിമ. അഭിനയിക്കുന്നത് ഗണേഷ് കുമാർ എം.എൽ.എ., ദിവ്യ ഉണ്ണി തുടങ്ങിയവരാണ്. സിനിമയുടെ പേരിൽ മാത്രം അല്പം ആത്മീയതയുണ്ട്: ''ഉപദേശിയുടെ മകൻ.''



കേരളകൗമുദിയിൽ വന്ന വാർത്ത

ദിവ്യാ ഉണ്ണി മടങ്ങിവരുന്നു

സിനിമ കാണുന്നതു പാപമാണോ? ആണെന്നത്രേ പഴയ തലമുറ കരുതിയിരുന്നത്. പക്ഷേ ടി.വി സാർവ്വത്രികമായതോടെ ഈ ചിന്തക്കു മാറ്റം വന്നു. ഏതു വിശുദ്ധനും വീട്ടിലിരുന്ന് ടി.വിയിൽ സിനിമ കാണാമെന്നായിട്ടുണ്ട് ഇപ്പോൾ. വീട്ടിലിരുന്നു സിനിമ കാണാമെങ്കിൽ തിയേറ്ററിൽ പോയി സിനിമ കാണുന്നതു തെറ്റാകുന്നതെങ്ങനെ എന്നു യുവതലമുറ ചോദിക്കുന്നു. ഉത്തരം പറയാനാവാതെ പഴയ തലമുറ വായ് പൊളിച്ചു നിൽക്കുകയും ചെയ്യുന്നു.

പെന്തക്കോസ്തുകാർ സിനിമ കാണുന്ന പരിപാടി സാർവ്വത്രികമായതോടെ പ്രവചന ശുശ്രൂഷയിൽപ്പോലും മാറ്റങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. അടുത്ത കാലത്ത് ഒരു പ്രവാചകൻ പ്രവചിച്ചതിങ്ങനെ: ''മകനേ, നീ മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിന്നെ ഞാൻ കിലുക്കത്തിലെ ജഗതിയുടെ സ്ഥിതിയിലാക്കും.''



ഗണേഷ്കുമാർ, ദിവ്യ ഉണ്ണി എന്നിവരോടൊപ്പം ജോർജ് മത്തായി (കേരള എക്സ്പ്രസ്സിൽ പ്രസിദ്ധീകരിച്ചതാണ് ഈ ചിത്രം)

ഉപദേശിയുടെ മകൻ എന്ന സിനിമയുടെ ആദ്യഭാഗം കേരളത്തിൽ ഷൂട്ട് ചെയ്തുകഴിഞ്ഞു. അടുത്ത ഭാഗം അമേരിക്കയിൽ ഷൂട്ട് ചെയ്തുകൊണ്ടിരിക്കുന്നു. ജോർജ് മത്തായിയുടെ ജീവിതകഥയാണ് സിനിമയുടെ ഇതിവൃത്തം.

ഈ സിനിമ പിടിക്കുന്ന ജോർജ് മത്തായി ഐ.പി.സിയുടെ ജനറൽ കൗൺസിൽ അംഗമാണ്. അതുകൊണ്ട് സിനിമയോട് ഐ.പി.സി എന്തു നിലപാടു സ്വീകരിക്കുമെന്നറിയാൻ ഡിഫെൻഡറിനു താല്പര്യമുണ്ട്. കോടിക്കണക്കിനു രൂപ മുതൽ മുടക്കിയാണു ജോർജ് മത്തായി ഈ സിനിമ നിർമ്മിക്കുന്നത്. അതു തിരിച്ചു കിട്ടണമെങ്കിൽ ജനം തിയേറ്ററിൽ പോയി സിനിമ കാണണം. ഐ.പി.സിയുടെ ജനറൽ കൗൺസിൽ അംഗം നിർമ്മിച്ച സിനിമ തിയേറ്ററിൽ പോയി കാണാനും അങ്ങനെ ആ സഹോദരനു ലാഭമുണ്ടാക്കിക്കൊടുക്കാനും ഓരോ ഐ.പിസിക്കാരനും കടപ്പെട്ടവനാണ്. അതുകൊണ്ട് ഈ സിനിമ തിയേറ്ററിൽ പോയി കാണാൻ ഐ.പി.സി ജനറൽ കൗൺസിൽ സഭാംഗങ്ങൾക്ക് അനുമതി നൽകണമെന്നാണു ഡിഫെൻഡറിനു പറയാനുള്ളത്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** വീണ്ടും ജനനം പ്രാപിച്ചവരിൽ നിന്നു മാത്രമേ ഡിഫെൻഡർ സംഭാവന സ്വീകരിക്കൂ എന്ന് ഡിഫെൻഡറിന്റെ വെബ്സൈറ്റിലുള്ള പേപാളിന്റെ ലിങ്കിൽ കണ്ടു. ഒരു വ്യക്തി വീണ്ടുംജനനം പ്രാപിച്ചതാണോ എന്ന് എങ്ങനെ ഉറപ്പാക്കും?

■ ഒരു വ്യക്തി വീണ്ടും ജനനം പ്രാപിച്ചവനാണോ എന്നു തീർത്തു പറയാൻ കർത്താവിനു മാത്രമേ കഴിയൂ. എങ്കിലും ഒരളവോളമെങ്കിലും മനസ്സിലാക്കാൻ നമുക്കും കഴിയും. ചില ഉദാഹരണങ്ങളിലൂടെ ഇതു വ്യക്തമാക്കാം. തിരുവത്താഴത്തിൽ പങ്കുപറ്റുന്നവർ അതിനു യോഗ്യതയുള്ളവരായിരിക്കണം എന്നു പാസ്റ്റർ പ്രഖ്യാപിക്കുന്നു. അതിനുശേഷം തിരുവത്താഴം നൽകുന്നു. ഏതെങ്കിലും അയോഗ്യൻ അതിൽ പങ്കെടുത്താൽ പാസ്റ്റർ ഉത്തരവാദിയാകുന്നില്ല. പക്ഷേ മൂക്കുമുട്ടെ കുടിച്ചിട്ട് ഒരാൾ വന്നു തിരുവത്താഴം സ്വീകരിക്കാൻ ശ്രമിച്ചാൽ പാസ്റ്റർ വിലക്കണം. അയാളുടെ അയോഗ്യത വ്യക്തമാണെന്നതുതന്നെ കാരണം.

രക്ഷിക്കപ്പെട്ടവരെ മാത്രമേ സ്നാനപ്പെടുത്താവൂ. ''കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നോ'' എന്ന് ചോദിക്കുകയും ''വിശ്വസിക്കുന്നു'' എന്ന ഉത്തരം ലഭിക്കുകയും ചെയ്തശേഷമാണു സ്നാനം നൽകുന്നത്. ''വിശ്വസിക്കുന്നു'' എന്നു പറഞ്ഞതു സത്യമാണെന്ന് അംഗീകരിച്ചുകൊണ്ടാണു സ്നാനം നൽകുന്നത്. ''വിശ്വസിക്കുന്നു'' എന്ന് ആരെങ്കിലും കളവു പറഞ്ഞു സ്നാനം സ്വീകരിച്ചാൽ സ്നാപകൻ ഉത്തരവാദിയാകുന്നില്ല എന്നു തീർച്ച.

വിവാഹിതനായ ഒരു വ്യക്തി ആ വസ്തുത മറച്ചു വച്ചുകൊണ്ടു മറ്റൊരു വിവാഹം കഴിച്ചാൽ വിവാഹം നടത്തിക്കൊടുത്ത വ്യക്തി കുറ്റക്കാരനാകുന്നില്ല. പക്ഷേ വിവാഹം നടത്തുന്ന വ്യക്തി വരന്റെ ആദ്യവിവാഹത്തേക്കുറിച്ച് അറിഞ്ഞശേഷമാണു രണ്ടാംവിവാഹം നടത്തിക്കൊടുക്കുന്നതെങ്കിൽ കുറ്റക്കാരനാകും എന്നു തീർച്ച. അവിശ്വാസികളോടു സംഭാവന വാങ്ങുന്ന കാര്യവും ഇങ്ങനെതന്നെ.

യോഹന്നാൻ എഴുതുന്നു: ''പ്രിയനേ, നീ സഹോദരന്മാർക്കും വിശേഷാൽ അതിഥികൾക്കും വേണ്ടി അദ്ധ്വാനിക്കുന്നതിൽ ഒക്കെയും വിശ്വസ്തത കാണിക്കുന്നു. അവർ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തിനു സാക്ഷ്യം പറഞ്ഞിരിക്കുന്നു; നീ അവരെ ദൈവത്തിനു യോഗ്യമാകുംവണ്ണം യാത്ര അയച്ചാൽ നന്നായിരിക്കും. തിരുനാമം നിമിത്തമല്ലോ അവർ ജാതികളോട് ഒന്നും വാങ്ങാതെ പുറപ്പെട്ടത്. ആകയാൽ നാം സത്യത്തിന് കൂട്ടുവേലക്കാർ ആകേണ്ടതിന് ഇങ്ങനെയുള്ളവരെ സല്ക്കരിക്കേണ്ടതാകുന്നു.'' 3 യോഹ. 5-8.

ദൈവത്തിന്റെ വേലക്കാർക്കു ശമ്പളം കൊടുക്കുന്നതു ദൈവമാണ്. സാത്താന്റെ സഹായം ദൈവത്തിന് ആവശ്യമില്ല. ഹാൾ നിർമ്മാണം, കൺവൻഷൻ തുടങ്ങിയ ആത്മീയ ആവശ്യങ്ങൾക്കായി പൊതുജനങ്ങളോടു പണം പിരിക്കരുത്. കൺവൻഷനുകളിൽ സ്തോത്രക്കാഴ്ച എടുക്കുന്നതും ശരിയല്ല. പാത്രവും കിലുക്കിക്കൊണ്ട് പിരിവുകാരൻ അടുത്തു വരുമ്പോൾ അവിശ്വാസികളും പണം നൽകും. അങ്ങനെയുള്ള പണം വിശുദ്ധമല്ല. അത് ഒഴിവാക്കണം. ദൈവവേലക്ക് ഇത്തരം പണം ഉപയോഗിക്കരുത്. അതുപോലെ, പെരുന്നാൾ, ഉത്സവം, പള്ളിപണി, കരോൾ പിരിവ് തുടങ്ങി അന്യദൈവാരാധനയുമായി പരോക്ഷമായെങ്കിലും ബന്ധമുള്ള ഒരാവശ്യത്തിനും പണം നൽകാതിരിക്കാനും വിശ്വാസികൾ ശ്രദ്ധിക്കണം. ഇത്തരം ആവശ്യങ്ങൾക്കു പണം നൽകുന്നത് അന്യദൈവത്തെ ആരാധിക്കുന്നതിനു തുല്യമാണ്.

പണം സ്വീകരിക്കുന്നതിനു റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ സ്വീകരിക്കുന്ന നടപടി ഇപ്രകാരമാണ്. പുസ്തകം, സി.ഡി തുടങ്ങിയ സാധനങ്ങൾ വിറ്റ് ലഭിക്കുന്ന പണം, വെബ്സൈറ്റ്, ട്രസ്റ്റ് തുടങ്ങിയവ ഉണ്ടാക്കിക്കൊടുക്കുന്നതിനു കൂലിയായി ലഭിക്കുന്ന പണം എന്നിവ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വ്യത്യാസമില്ലാതെ സ്വീകരിക്കും. അവിശ്വാസികളോടു മനുഷ്യർ എന്ന നിലയിൽ ഇടപെടുമ്പോൾ സഹായം നൽകുകയും സഹായം സ്വീകരിക്കുകയും ചെയ്യും. ഇത്തരം കൊടുക്കൽവാങ്ങലുകൾ തികച്ചും മാനുഷികമായിരിക്കും. ദൈവീകമായി ഒന്നും ഉണ്ടായിരിക്കുകയില്ല. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഞാൻ ഈ ലോകം വിട്ടു പോകേണ്ടതായി വരും.

എന്നാൽ ഞാൻ ദൈവനാമത്തിൽ പണം വാങ്ങുമ്പോൾ വളരെ ശ്രദ്ധിക്കാറുണ്ട്. രക്ഷക്ക് ആവശ്യമായ വിശ്വാസ സത്യങ്ങൾ പഠിപ്പിക്കാത്ത സമുദായത്തിലെ അംഗങ്ങളിൽ നിന്നു ഞാൻ ദൈവനാമത്തിൽ പണം വാങ്ങുകയില്ല. വീണ്ടും ജനനം പ്രാപിക്കാത്തവർ സംഭാവന അയയ്ക്കരുത് എന്നു വെബ്സൈറ്റിൽ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. അതു വായിച്ച ശേഷം പണം അയയ്ക്കുന്നവരെ മറിച്ചൊരു തെളിവു കിട്ടുന്നതുവരെ രക്ഷിക്കപ്പെട്ടവരായി പരിഗണിക്കുകയും അവർ നൽകുന്ന പണം സ്വീകരിക്കുകയും ചെയ്യും.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# പ്രവാചകനും പണി കിട്ടി



ബഥേൽ പി. ജേക്കബ്ബിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരനായി നടന്നിരുന്ന ഒരു പ്രവാചകനുണ്ടായിരുന്നു ഡാളസ്സിൽ. ബഥേലിനു പേരും പ്രശസ്തിയും ഉണ്ടാക്കി കൊടുക്കുന്നതിൽ ഈ പ്രവാചകൻ വഹിച്ച പങ്കു വളരെ വലുതാണ്. കള്ളപ്രവചനം നടത്തിയാണ് ഇദ്ദേഹം ബഥേലിനെ സഹായിച്ചിരുന്നത്. അങ്ങനെ ഈ പ്രവാചകനും ബഥേലും ചക്കരയും ഈച്ചയും പോലെ അഭേദ്യമായി ബന്ധപ്പെട്ടു കഴിഞ്ഞിരുന്ന കാലത്താണ് ബഥേലിന്റെ കരവിരുത് പ്രവാചകന്റെ മകളിലും വെളിപ്പെട്ടത്. സംഭവം ഇങ്ങനെ:

പ്രവാചകന്റെ ടീൻഏജുകാരിയായ മകൾ സണ്ടേസ്ക്കൂളിന് എത്തിയതാണ്. ഈ കുട്ടിയെ ഒറ്റക്കു കണ്ടപ്പോൾ ബഥേലിന് അസഹനീയമായ വാത്സല്യം തോന്നി. (തോന്നുമല്ലോ, തോന്നണമല്ലോ, ആത്മസ്നേഹിതന്റെ മകളല്ലേ). വാത്സല്യം മൂത്തപ്പോൾ ബഥേൽ ആ കുട്ടിയെ അടുത്തു വിളിച്ച് തലയിൽ തലോടി സ്നേഹം പ്രകടിപ്പിച്ചു. തലയിൽ മാത്രം തലോടിയാൽ വാത്സല്യം പൂർണ്ണമായി പ്രകടിപ്പിക്കാൻ പറ്റില്ലല്ലോ. അതുകൊണ്ട് ബഥേൽ വാത്സല്യം ശരിക്കു പ്രകടിപ്പിച്ചു. അതിൽ തെറ്റുണ്ടോ? ഉണ്ടെന്ന് ഈ ഭൂമിമലയാളത്തിൽ ആരും പറയുകയില്ല. പക്ഷേ സംഭവം നടന്നതു ഭൂമിമലയാളത്തിലല്ല ഡാളസ്സിലാണ്. അതുകൊണ്ട് ഈ സ്നേഹപ്രകടനത്തേപ്പറ്റി മകൾ വിവരിച്ചപ്പോൾ പ്രവാചകനും ഭാര്യക്കും അത്ര രസിച്ചില്ല. അവർ കോപിച്ചു സഭ വിട്ടു വേറെ സഭയുണ്ടാക്കി.

# ഹാക്കിംഗ് വേണ്ടാ, ട്ടോ

കള്ളപ്രവാചകനും വ്യഭിചാരിയുമായ സാമച്ചന് ഒരു വെബ്സൈറ്റ് ഉണ്ടായിരുന്നു. www.divineworshippers.org എന്നായിരുന്നു പേര്. കാലാവധി കഴിഞ്ഞിട്ടും സാമച്ചൻ ഈ വെബ്സൈറ്റ് പുതുക്കിയില്ല. അതുകൊണ്ട് റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ആ സൈറ്റ് രജിസ്റ്റർ ചെയ്തു. സാമച്ചൻ ഉപയോഗിച്ചുകൊണ്ടിരുന്ന സൈറ്റിൽ മറ്റാരുടെയെങ്കിലും കാര്യം എഴുതുന്നതു ശരിയല്ലല്ലോ. അതുകൊണ്ട് സാമച്ചനേക്കുറിച്ചുതന്നെ ഈ സൈറ്റിൽ എഴുതി. അങ്ങനെ പൊതുജനം ഈ സൈറ്റിലൂടെ സാമച്ചന്റെ തനിനിറം കണ്ടു. അതോടെ സാമച്ചൻ ബുദ്ധിമുട്ടിലായി. എത്ര രൂപ വേണമെങ്കിലും തരാം, സൈറ്റ് വിട്ടുകൊടുക്കണമെന്നു സാമച്ചൻ റ്റി.എസ്.ബാലനെ അറിയിച്ചു. പക്ഷേ ബാലൻ വഴങ്ങിയില്ല. അതുകൊണ്ട് കഴിഞ്ഞദിവസം ഈ സൈറ്റ് ഹാക്ക് ചെയ്യാൻ ഒരു ശ്രമം നടന്നു. പാസ്‌വേഡ് ചോർത്താനാണു ശ്രമിച്ചത്. 60.51.31.198 എന്ന ഐ.പിയിൽ നിന്നാണ് ഹാക്ക് ചെയ്യാനുള്ള ശ്രമമുണ്ടായത്. പക്ഷേ പദ്ധതി വിജയിച്ചില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചവരോടു റ്റി.എസ്.ബാലനു പറയാനുള്ളത് ഇതാണ്: വേല വേലായുധനോടു വേണ്ട മക്കളേ.

# ഇതെന്തു ജേർണലിസം?



ആശാനക്ഷരമൊന്നുപിഴച്ചാൽ അമ്പതൊന്നു പിഴയ്ക്കും ശിഷ്യന് എന്നാണല്ലോ ചൊല്ല്. പത്രപ്രവർത്തനം പഠിപ്പിക്കുന്നവർക്കുതന്നെ തെറ്റിയാൽ പഠിക്കുന്നവരുടെ ഗതി എന്താകും? മോനായിയും ഭാര്യയും കൂടി റീമ സ്ക്കൂൾ ഓഫ് ജേർണലിസം എന്നൊരു സാധനം നടത്തുന്നുണ്ട്. ഒന്നോ രണ്ടോ കൊല്ലത്തിൽ ഒരിക്കൽ ഏതാനും മണിക്കൂർ ക്ലാസ്സ് നടത്തി സർട്ടിഫിക്കറ്റ് കൊടുക്കുന്നതാണു പരിപാടി. പക്ഷേ പേരിനെങ്കിലും ഇത്തരം ഒരു സ്ഥാപനം നടത്തുന്ന മോനായിയും ഭാര്യയും പത്രപ്രവർത്തകർക്കു മാതൃക കാണിക്കേണ്ടതാണ്. എന്നാൽ അതുണ്ടായില്ലെന്നു മാത്രമല്ല തികഞ്ഞ അമാതൃക കാണിക്കുകയും ചെയ്തു. ആരോ ഒരു എസ്.എം.എസ് അയച്ചതു വിശ്വസിച്ച് ധാരാസിംഗ് സ്നാനപ്പെട്ടു എന്നു വാർത്ത കൊടുത്ത് ഇവർ സകല പെന്തക്കോസ്ത് പത്രക്കാർക്കും അപമാനം വരുത്തിവച്ചു. കഷ്ടമായിപ്പോയി എന്നേ പറയേണ്ടൂ.

**റീമാ സ്ക്കൂൾ ഓഫ് ജേർണ്ണലിസം**



# സാംജോണിന്റെ പുത്തി കൊളളാം



ഐ.പി.സിയിലെ ഒരു സെന്റർ ബോൾട്ടായ സി.വി. ജോണിന്റെ മകനായ സാം ജോൺ അതീവ ബുദ്ധിമാനാണ്. പക്ഷേ അതു കുരുട്ടുബുദ്ധിയാണെന്നു മാത്രം. ഇതാ ഒരു സാമ്പിൾ.

ലണ്ടൻ സഭയിലെ സ്ഥിരം വൈസ് പ്രസിഡന്റിന്റെ മകളുടെ വിവാഹം 2009 ആഗസ്റ്റ് 15ന് നടക്കുന്നു. സാം ജോണിന് കുടുംബമായി പങ്കെടുക്കണം. എന്താണു വഴി? കിഡ്നി ശരിക്കു പ്രവർത്തിച്ചപ്പോൾ വഴി തെളിഞ്ഞുകിട്ടി. പഞ്ചാബിലുള്ള മിനിസ്ട്രിക്ക് മാസം 100 പൗണ്ട് കൊടുക്കുന്നുണ്ട്. അവിടെ വേല നടക്കുന്നുണ്ടോ എന്നു നേരിട്ടു പരിശോധിക്കുന്നത് എന്തുകൊണ്ടും നല്ലതാണ്. അങ്ങനെ സാംജോൺ കുടുംബമായി, സഭയുടെ ചെലവിൽ, ഇന്ത്യയിലെത്തി പരിശോധന നടത്തി. അതിനിടയ്ക്കു വിവാഹത്തിലും പങ്കെടുത്തു. 100 പൗണ്ട് ശരിക്കു വിനിയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കാൻ സഭക്കു ചെലവായത് 1200 പൗണ്ട്. ഇനി പറയൂ, സാം ജോൺ ബുദ്ധിമാനല്ലേ?

# പാസ്റ്റർ ഡോ. റവ.

നവംബർ 20ന് ഇറങ്ങിയ മരുപ്പച്ചയുടെ ഒന്നാം പേജിൽ കുമ്പനാടു കൺവൻഷനുമായി ബന്ധപ്പെട്ട ഒരു വാർത്തയുണ്ടായിരുന്നു. അതിന്റെ അവസാന ഭാഗത്ത് ഇപ്രകാരം എഴുതിയിരിക്കുന്നു: ''പാസ്റ്റർ ഡോ.കെ.സി. ജോൺ ജനറൽ കൺവീനറായും പാസ്റ്റർ ഡോ. റവ. വൽസൺ എബ്രഹാം ജനറൽ ജോയിന്റ് കൺവീനറായും വിപുലമായ കമ്മറ്റി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.'' സംഗതി കലക്കി അച്ചൻ കുഞ്ഞേ. ഒരുത്തൻ പാസ്റ്റർ ഡോ. മറ്റൊരുത്തൻ പാസ്റ്റർ ഡോ. റവ. (ഒലക്കേടെ മൂട്). പെന്തക്കോസ്തിനു വന്നുഭവിച്ചിരിക്കുന്ന അപചയമോർത്തു നെടുവീർപ്പിടുകയേ നിവൃത്തിയുള്ളൂ.

# സാംകുട്ടിയെ കുരുക്കാൻ മത്തങ്ങ പദ്ധതിയിട്ടു



ഹാലേലൂയ്യാ ദ്വൈവാരികയുടെ എഡിറ്ററായ സാംകുട്ടി ചാക്കോയെ കുരുക്കാൻ മത്തങ്ങാ തോമസ്കുട്ടി ഒരുക്കിയ പദ്ധതി പൊളിഞ്ഞു. ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറിയായ ഫിലിപ്പ് പി തോമസും സാംകുട്ടി ചാക്കോയും തമ്മിൽ വഴക്കുണ്ടാക്കാനുള്ള തന്ത്രമാണു ശ്രീമാൻ മത്തങ്ങ പ്രയോഗിച്ചത്.

ഐ.പി.സിയിൽ അടുത്ത കാലത്തുണ്ടായ ചില കേസ്സുകളുമായി ബന്ധപ്പെട്ടു ഫിലിപ്പ് പി. തോമസിന് പുല്ലാട് (കോയിപ്രം) പോലീസ് സ്റ്റേഷനിൽ കയറേണ്ടതായി വന്നു. വിവരമറിഞ്ഞയുടൻ മത്തങ്ങ സ്ഥലത്തെത്തി. ക്യാമറയും കൈയിലുണ്ടായിരുന്നു. ഫിലിപ്പ് പി. തോമസ് പോലീസ് സ്റ്റേഷനിൽ നിന്ന് ഇറങ്ങി വരുന്ന സമയത്തു ഫോട്ടോ എടുക്കാനും അതുപയോഗിച്ചു വിലപേശാനുമായിരുന്നു പദ്ധതി. ഉന്തും തള്ളും കൈവയ്പ്പും മറ്റും തൃണവൽഗണിച്ച് മത്തങ്ങ ഫോട്ടോ എടുക്കുകയും ചെയ്തു.

അല്പസമയം കഴിഞ്ഞ് മത്തങ്ങാ ഫിലിപ്പ് പി. തോമസിന്റെ സുഹൃത്തുക്കളെ സമീപിച്ചു. നല്ലൊരു തുക തന്നില്ലെങ്കിൽ ഈ ചിത്രം മത്തങ്ങയുടെ പത്രത്തിൽ പ്രസിദ്ധീകരിക്കുമെന്നു ഭീഷണി മുഴക്കി. പക്ഷേ ഫലമുണ്ടായില്ല. അതോടെ മത്തങ്ങ അടവു മാറ്റി. താൻ പടമെടുത്തിരിക്കുന്നതു ഹാലേലൂയ്യായ്ക്കുവേണ്ടിയാണെന്നും സാംകുട്ടി ചാക്കോയാണു തന്നെ ഫോട്ടോയെടുക്കാൻ പറഞ്ഞുവിട്ടതെന്നമായി പ്രഖ്യാപനം. പക്ഷേ ഈ തന്ത്രവും വിജയിച്ചില്ല. മത്തങ്ങയേപ്പോലുള്ളവരെ സാംകുട്ടി പടമെടുക്കാൻ വിടില്ല എന്നു മനസ്സിലാക്കാൻ സാമാന്യ ബുദ്ധിമതി. അങ്ങനെ മത്തങ്ങയുടെ പദ്ധതി പൊളിഞ്ഞു.

# അഭിമുഖം വേണോ അഭിമുഖം?

'അഭിമുഖം വേണോ അഭിമുഖം' എന്നു വിളിച്ചു ചോദിച്ചുകൊണ്ട് ഒരാൾ നടക്കുന്നതു കണ്ടാൽ അതു മത്തങ്ങ തോമസ്കുട്ടിയാണെന്ന് ഉറപ്പിച്ചുകൊള്ളുക. കാരണം, അഭിമുഖവധമാണ് ഇപ്പോൾ ഇവന്റെ പ്രധാന തൊഴിൽ. കേരളക്കരയിലുള്ള ഒട്ടുമിക്ക ശുംഭൻമാരേയും ഇവൻ അഭിമുഖത്തിലൂടെ വധിച്ചു കഴിഞ്ഞു. ഇപ്പോൾ ഏറെപ്പേരൊന്നും അവശേഷിക്കുന്നില്ല. അതുകൊണ്ടു വിദേശ മലയാളികളെയാണ് ഇവൻ നോട്ടമിട്ടിരിക്കുന്നത്. ഈ കാര്യം ഇപ്പോൾ പറയാൻ കാരണമുണ്ട്. ഇതു കൺവൻഷൻ സീസണായതുകൊണ്ട് വിദേശരാജ്യങ്ങളിൽ നിന്നു നിരവധി ആളുകൾ കേരളത്തിലെത്തും. ആവശ്യത്തിലധികം പണവുമായി എത്തുന്ന ഇവരിൽ ചിലർക്ക് തങ്ങളുടെ വദനകുസുമം പത്രത്തിലോ ടി.വിയിലോ ഒക്കെ കാണാൻ കൊതിതോന്നുക സ്വാഭാവികം. അങ്ങനെയുള്ളവരെ വലവീശിപ്പിടിക്കാൻ മത്തങ്ങ കണ്ണു തുറന്ന് ഇരിക്കുന്നുണ്ട്. ജീവനിൽ കൊതിയുള്ളവർ സൂക്ഷിക്കുക: മത്തങ്ങയുടെ പിടിയിൽ അകപ്പെടരുത്.

# വളഞ്ഞവട്ടം എ.ജി പിളർന്നു



ഒടുവിൽ അതു സംഭവിച്ചു. വളഞ്ഞവട്ടം എ.ജി. പിളർന്നു. ഈ പ്രശ്നത്തിൽ ഇടപെടാൻ തയ്യാറല്ലെന്നു ടി.ജെ.ശാമുവൽ പ്രഖ്യാപിക്കുകയും ചെയ്തു.

വളഞ്ഞവട്ടം സഭയിലെ അംഗമായ ഒരു വിധവയെ ബലാൽസംഗം ചെയ്യാൻ പാസ്റ്റർ ജോൺസൺ ശ്രമിച്ചതോടെയാണു പ്രശ്നങ്ങൾ ആരംഭിച്ചത്. ഇതിനെതിരെ ഈ സ്ത്രീ സഭാനേതൃത്വത്തിനു കത്തു കൊടുക്കുകയും നേരിൽ എത്തി മൊഴി നൽകുകയും ചെയ്തു. ടി.ജെ.ശാമുവലിന്റെ സഹോദരിയുടെ മകനാണു ജോൺസൺ. അതുകൊണ്ട് ജോൺസണെ സംരക്ഷിക്കാൻ ടി.ജെ.ശാമുവൽ പരമാവധി ശ്രമിച്ചു. പക്ഷേ ആ ശ്രമം വിജയിച്ചില്ല. അങ്ങനെ ജോൺസണെ തേവേരി സഭയിലേക്കു സ്ഥലം മാറ്റി. ജോൺസണെ തങ്ങൾക്കു വേണ്ട എന്നു തേവേരി സഭാംഗങ്ങൾ അറിയിച്ചെങ്കിലും സഭാ നേതൃത്വം അവരുടെ അപേക്ഷ പരിഗണിച്ചില്ല. അതോടെ ആ സഭയിലെ അംഗങ്ങളെല്ലാം എ.ജി വിട്ട് ഐ.പി.സിയിൽ ചേർന്നു. അങ്ങനെ തേവേരി എ.ജി പൂട്ടി.

സ്വന്തം സഹോദരിയുടെ മകനായ ജോൺസണെ രക്ഷിക്കേണ്ടത് ടി.ജെ.ശാമുവലിന്റെ കടമയാണല്ലോ. വളരെ ആലോചിച്ച് ടി.ജെ. ശാമുവൽ ഒരു പോംവഴി കണ്ടുപിടിച്ചു: വളഞ്ഞവട്ടം സഭയിൽ ഒരു പിളർപ്പുണ്ടാക്കുക. ടി.ജെ.ശാമുവലിന്റെ ഭാര്യയുടെ അപ്പന്റെ അനുജനായ ജോണിയും ഭാര്യ സാറാമ്മയും വളഞ്ഞവട്ടം സഭയിലുണ്ട്. അവരുടെ സഹായത്തോടെ ടി.ജെ.ശാമുവൽ പത്തു കുടുംബങ്ങളെ വശത്താക്കി. അങ്ങനെ ഡിസംബർ 6ന് (ഞായർ) ജോണി-സാറാമ്മ ദമ്പതികളുടെ വീട്ടിൽ പുതിയ ആരാധന തുടങ്ങി. വളഞ്ഞവട്ടം സഭയിൽ അവശേഷിക്കുന്നവർ ഇതിനെതിരെ ടി.ജെ. ശാമുവലിനോടു പരാതി പറഞ്ഞെങ്കിലും ഫലമുണ്ടായില്ല. ഫുജറാക്കാരൻ വിഡ്ഢിയുടെ ഭാര്യ ഉൾപ്പെടെയുള്ളവർ ഈ പുതിയ സഭയിൽ അംഗങ്ങളാണ്. അങ്ങനെ ജോൺസണു സഭയുണ്ടാക്കി കൊടുക്കാൻ ടി.ജെ.ശാമുവലിനു കഴിഞ്ഞു. പക്ഷേ പുതിയ സഭയിലെ അഞ്ചു കുടുംബങ്ങൾ ഡിസംബർ 13ന് വളഞ്ഞവട്ടത്തേക്കു മടങ്ങിപ്പോന്നു.

# അവരാൻ അതിരു കടക്കുന്നു

## പാഞ്ചാലിയെ കണ്ടു പഠിക്കണം

പെന്തക്കോസ്ത് വിശ്വാസികളായ സഹോദരിമാർ പാഞ്ചാലിയെ കണ്ടു പഠിക്കണമെന്ന് അവറാൻ. മാവേലിക്കരയിൽ നടന്ന ഒരു ബൈബിൾ ക്ലാസ്സിലാണ് അവറാൻ ഈ നിർദ്ദേശം നൽകിയത്. പാഞ്ചാലിക്ക് അഞ്ചു ഭർത്താക്കൻമാർ ഉണ്ടായിരുന്നെങ്കിലും അവർ തമ്മിൽ വഴക്കടിക്കാൻ പാഞ്ചാലി ഇടയാക്കിയില്ല. അവരിൽ ആരെങ്കിലും ഒരാൾ പാഞ്ചാലിയോടൊപ്പം ഉള്ളപ്പോൾ മറ്റാളുകൾ കടന്നു വരാതിരിക്കാൻ പാഞ്ചാലി ഒരു വിദ്യ പ്രയോഗിച്ചു. അകത്തുള്ള ആളുടെ ചെരുപ്പ് പുറത്തിട്ടിരിക്കും. പുറത്തു ചെരുപ്പുണ്ടെങ്കിൽ അകത്ത് ആളുണ്ടെന്നു വ്യക്തം. പക്ഷേ ഒരിക്കൽ ഒരു പ്രശ്നമുണ്ടായി. പുറത്തു ചെരുപ്പുണ്ട്. പക്ഷേ പാണ്ഡവൻമാർ അഞ്ചു പേരും പുറത്തുണ്ട്. അപ്പോൾ അകത്താര്? അഞ്ചു പാണ്ഡവരും ഒന്നുചേർന്ന് വാതിലിൽ മുട്ടി. പാഞ്ചാലി ഇറങ്ങിവന്നു. ''ആരാടീ അകത്ത്?'' പാണ്ഡവർ ചോദിച്ചു. പാഞ്ചാലിയുടെ മറുപടി ഇതായിരുന്നു: ''നിങ്ങൾ അഞ്ചു പേരേയും കൊണ്ടുള്ള ശല്യം സഹിക്കാൻ വയ്യാത്തതുകൊണ്ട് ഞാൻ ഒരുജോഡി ചെരുപ്പുവാങ്ങി വാതിലിനു പുറത്തിട്ടതാണ്.'' (സഹോദരിമാർ കേട്ടു പഠിക്കുക).

ഇതേ ക്ലാസ്സിൽ വച്ച് അവറാൻ മറ്റൊരു രഹസ്യവും പറഞ്ഞു: ഇന്ത്യൻ കറൻസി നോട്ടിൽ ''സത്യമേവജയതേ'' എന്ന് എഴുതിയിരിക്കുന്നതിന്റെ അർത്ഥം എന്താണ്? കർത്താവാണ് വഴിയും സത്യവും ജീവനും. അതുകൊണ്ട് സത്യമേവജയതേ എന്നു പറഞ്ഞാൽ കർത്താവായ യേശുക്രിസ്തു എപ്പോഴും ജയിക്കുന്നു എന്നാണ് അർത്ഥം.

## കെ. എ. ഏബ്രഹാമിനെ ഒഴിവാക്കണം: പാസ്റ്റർ ഏബ്രഹാം ജോസഫ്

കെ.എ.ഏബ്രഹാമിനെ പ്രസംഗകനായി വിളിക്കുന്നത് ഒഴിവാക്കണമെന്നു പാസ്റ്റർ ഏബ്രഹാം ജോസഫ് മലബാർ റീജിയനിലുള്ള ശാരോൻ ശുശ്രൂഷകൻമാർക്കു നിർദ്ദേശം കൊടുത്തു. (മലബാർ റീജിയനിലുള്ള ശാരോൻ ഫെലോഷിപ്പ് ചർച്ചുകൾക്കു നേതൃത്വം നൽകുന്നതു പാസ്റ്റർ ഏബ്രഹാം ജോസഫാണ്). ദൈവവചനമെന്ന പേരിൽ വിഡ്ഢിത്തം പ്രസംഗിക്കുകയും പ്രകോപനമുണ്ടാക്കുകയും ചെയ്യുന്നു, സദാചാര വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നു തുടങ്ങിയവയാണ് കാരണമായി പറയുന്നത്. കത്തിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു.

“വചനം പ്രസംഗിക്കുക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്കുക; സകല ദീർഘ ക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്കുക; തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്കുക അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കൻമാരെ പെരുക്കുകയുംസത്യത്തിനു ചെവി ക്കൊടുക്കാതെ കെട്ടുകഥ കേൾക്കുവാൻ തിരിയുകയും ചെയ്യുന്ന കാലം വരും.
” 2 തിമോ. 4:2-4

ശാരോൻ ഫെലോഷിപ്പ് ചർച്ച് മലബാർ റീജിയനുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാ ദൈവദാസൻമാരുടേയും അറിവിലേക്ക്,

മറ്റൊരു കൺവൻഷൻ സീസൺ കൂടി ആരംഭിച്ചിരിക്കയാണല്ലോ. നമ്മുടെ സഭകളിലും കൺവൻഷനുകൾ നടത്തുക പതിവാണ്. ദൈവവേലയുടെ ഭാഗമെന്ന നിലക്ക് കൺവൻഷനുകൾ നടത്തുന്നത് ആത്മീക വർദ്ധനയ്ക്കു കാരണമാകും എന്നതിനു സംശയമില്ല. കൺവൻഷനുകളിലെ മുഖ്യ ഇനങ്ങളാണ് ഗാനശുശ്രൂഷ, വചനശുശ്രൂഷ എന്നിവ. അതുകൊണ്ട് ഈ വിഷയത്തോടുള്ള ബന്ധത്തിൽ നാം ചില മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്.

1. ഗാനശുശ്രൂഷയ്ക്കു ടീമുകളെ ബുക്ക് ചെയ്യുമ്പോൾ വളരെ സൂക്ഷിക്കേണ്ടതുണ്ട്. ടീമിലെ അംഗങ്ങൾ ആരൊക്കെ, അവർ രക്ഷിക്കപ്പെട്ടവരാണോ, നല്ല സാക്ഷ്യം ഉള്ളവരാണോ, ആത്മീക വർദ്ധനയ്ക്ക് ഉതകുന്നതും നിലവാരമുള്ളതുമായ പാട്ടുകളാണോ അവർ പാടുന്നത് തുടങ്ങിയ കാര്യങ്ങൾ അന്വേഷിച്ച് ഉറപ്പാക്കിയശേഷം മാത്രമേ ടീമുകളെ ക്ഷണിക്കാവൂ. രക്ഷിക്കപ്പെടാത്തവർ, പെന്തക്കോസ്ത് സഭകളിൽ നിലനിന്നുവരുന്ന വസ്ത്രധാരണരീതിയുമായി പൊരുത്തപ്പെടാത്ത വിധത്തിലുള്ള വസ്ത്രം ധരിക്കുന്നവർ, മുടി നീട്ടി വളർത്തിയ പുരുഷൻമാർ തുടങ്ങിയവർ അംഗങ്ങളായുള്ള ടീമുകളെ ഒഴിവാക്കണം. വ്യക്തമായ ബോദ്ധ്യമില്ലാതെ ടീമുകളെ ക്ഷണിക്കരുത്.
2. ദൈവദാസൻമാരുടെ വേഷത്തിൽ നടക്കുന്ന വ്യാജൻമാർ ഏറെയുള്ളതുകൊണ്ട് പ്രസംഗകരെ ബുക്ക് ചെയ്യുന്നതും വളരെ സൂക്ഷിച്ചുവേണം. ദുരുപദേശം പ്രസംഗിക്കുന്നവർ, സമൃദ്ധിയുടെ ഉപദേശം പ്രസംഗിക്കുന്നവർ, വ്യാജ രോഗശാന്തി ശുശ്രൂഷ നടത്തുന്നവർ തുടങ്ങിയവരെ ഒഴിവാക്കണം. ദൈവവചനം വസ്തുനിഷ്ഠമായി പ്രസംഗിക്കുന്നവരെ മാത്രം ക്ഷണിക്കുവാൻ ശ്രദ്ധിക്കണം.
3. ശാരോൻ ഫെലോഷിപ്പിലെ ശുശ്രൂഷകരെ പ്രസംഗകരായി വിളിക്കാൻ പരമാവധി ശ്രമിക്കുക. ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രം മറ്റു പെന്തക്കോസ്ത് സഭകളിലുള്ള പ്രസംഗകരെ വിളിക്കുക. പക്ഷേ ഉപദേശത്തിലും ജീവിതത്തിലും വിശുദ്ധി കാത്തു സൂക്ഷിക്കുന്നവരെ മാത്രമേ ക്ഷണിക്കാവൂ.
4. ശാരോൻ ഫെലോഷിപ്പിലെ ശുശ്രൂഷകനാണെങ്കിലും പാസ്റ്റർ കെ.എ.ഏബ്രഹാമിനെ ഒഴിവാക്കണം. പാസ്റ്റർ കെ.എ.ഏബ്രഹാം ഇന്ത്യൻ ദേശീയപതാകയെ അപമാനിച്ചു പ്രസംഗിച്ചത് വലിയ വിവാദമാകുകയും ടി.വി ചാനലുകളിൽപ്പോലും ഇതു വാർത്തയാകുകയും ചെയ്തത് ഏവർക്കും അറിവുള്ള കാര്യമാണല്ലോ. ഇത്തരം പ്രസംഗങ്ങൾ നിർത്തണമെന്ന് ശാരോൻ സഭാനേതൃത്വം കർശനമായി ആവശ്യപ്പെട്ടിട്ടും പാസ്റ്റർ കെ.എ.ഏബ്രഹാം അനുസരിച്ചിട്ടില്ല. ഇന്ത്യൻ കറൻസി നോട്ടിലുള്ള സത്യമേവജയതേ എന്ന ആപ്തവാക്യത്തിന്റെ അർത്ഥം യേശുക്രിസ്തു എപ്പോഴും ജയിക്കുന്നു എന്നാണെന്ന് ഇപ്പോൾ കെ.എ.ഏബ്രഹാം പ്രസംഗിച്ചുവരുന്നു. ശ്രീരാമൻ രാജ്യഭാരം ഭരതനെ ഏല്പിച്ചു വനവാസത്തിനു പോയി. എത്ര സെന്റർ പാസ്റ്റർമാർ തങ്ങളുടെ സ്ഥാനം മറ്റുള്ളവർക്കു കൊടുക്കം എന്നും ഇദ്ദേഹം ചോദിക്കുന്നു. നമ്മുടെ സഹോദരിമാർ പഞ്ചാലിയെ കണ്ടു പഠിക്കണമെന്നും അഞ്ചു ഭർത്താക്കൻമാരുണ്ടയിരുന്ന പാഞ്ചാലി തന്റെ ഭർത്താക്കൻമാർ അഞ്ചുപേരും തമ്മിൽ വഴക്കുണ്ടാകാതെ കുടുംബം പുലർത്തിയതു നമ്മുടെ സഹോദരിമാർക്കു മാതൃകയാണെന്നും മറ്റും വരെ പാസ്റ്റർ കെ.എ.ഏബ്രഹാം ഇപ്പോൾ പ്രസംഗിച്ചുവരുന്നു. മാത്രമല്ല, ഇദ്ദേഹത്തിന്റെ സദാചാര ജീവിതത്തേക്കുറിച്ച് ഉയർന്ന ചില ആരോപണങ്ങളേക്കുറിച്ച് ഞാൻ അന്വേഷിക്കുകയും ഈ ആരോപണങ്ങളിൽ കഴമ്പുണ്ടെന്നു ബോദ്ധ്യമാകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ ഇദ്ദേഹത്തെ പ്രസംഗകനായി വിളിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ മറ്റൊരു യുവ പ്രഭാഷകൻ ഈയിടെ കുവൈറ്റിൽ വച്ച് ചില സദാചാരവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും പിടിക്കപ്പെടുകയും ചെയ്തതായി കേൾക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അന്വേഷിച്ചു വരുന്നു.

മലബാർ റീജിയന്റെ ജനറൽ കൺവൻഷന്റെ അനുഗ്രഹത്തിനായി ഏവരും പ്രാർത്ഥിക്കുമല്ലോ. പ്രാർത്ഥനയോടെ,
കർത്തൃശുശ്രൂഷയിൽ, പാസ്റ്റർ ഏബ്രഹാം ജോസഫ്

## ശാരോൻ കൺവൻഷൻ കലക്കാൻ ശ്രമം

ശാരോൻ ജനറൽ കൺവൻഷൻ അലങ്കോലമാക്കാൻ അവരാനും മത്തങ്ങയും ചേർന്നു പദ്ധതി തയ്യാറാക്കിയെങ്കിലും പരിപാടി വിജയിച്ചില്ല. സംഭവം ചുരുക്കി പറയാം:

2008ൽ നടന്ന ശാരോൻ കൺവൻഷനിൽ അവറാനു പ്രസംഗിക്കാൻ സമയം കൊടുത്തില്ല. അത് അവറാനു വലിയ ക്ഷീണമുണ്ടാക്കി. അതുകൊണ്ട് ഇത്തവണ പ്രസംഗിച്ചേ അടങ്ങൂ എന്ന വാശിയിലായിരുന്നു അവറാൻ. പക്ഷേ അവറാന്റെ കോഴിക്കോടൻ വ്യഭിചാരം ഉൾപ്പെടെയുള്ള കേസ്സുകൾ സഭാനേതൃത്വത്തിന്റെ ശ്രദ്ധയിൽ പെടുകയും അന്വേഷണമുണ്ടാകുകയും ചെയ്തു. കൺവൻഷന്റെ ആദ്യ ദിവസമാണ് സാധാരണയായി അവറാനു സമയം ലഭിക്കുക. പക്ഷേ ഇത്തവണ അതുണ്ടായില്ല. അതോടെ അവറാൻ കോപിച്ചു. കൺവൻഷൻ അലങ്കോലമാക്കാൻ തീരുമാനിക്കുകയും ചെയ്തു. മത്തങ്ങയ്ക്കു പണം കൊടുത്ത് അവറാൻ ഒരു സപ്ലിമെന്റ് തയ്യാറാക്കി. അവറാൻ തന്നെ ആയിരുന്നു പ്രധാന എഴുത്തുകാരൻ. ''റ്റി.എസ്.ബാലൻ വധം'' ആയിരുന്നു പ്രധാന വിഷയമെന്നു പറയേണ്ടതില്ലല്ലോ. പക്ഷേ രണ്ടാം ദിവസം അവറാനു പ്രസംഗിക്കാൻ അല്പം സമയം കൊടുത്തു. എങ്കിലും തയ്യാറാക്കിയ സപ്ലിമെന്റ് വെറുതെ കളയാൻ പറ്റില്ലല്ലോ. അതുകൊണ്ടു ശ്രീമാൻ മത്തങ്ങ ശനിയാഴ്ച വൈകിട്ട് കൺവൻഷൻ പന്തലിലെത്തി സപ്ലിമെന്റ് വിതരണം ചെയ്യാൻ തുടങ്ങി. പത്രം കൊടുത്തു തീർന്നശേഷം അലങ്കോലമുണ്ടാക്കാനായിരുന്നു പരിപാടി. ഇവരുടെ ഗുണ്ടാ സംഘത്തിലുള്ള ആരെങ്കിലും അവറാൻ, മത്തങ്ങ എന്നിവരെ ആക്രമിക്കുന്നു. ഗുരുതരമായ പരിക്കേറ്റു എന്നു വരുത്തിത്തീർത്ത് ആശുപത്രിയിൽ അഡ്മിറ്റാകും. ബാലന്റെ ഗുണ്ടകൾ മത്തങ്ങയേയും അവറാനേയും കൊല്ലാൻ ശ്രമിച്ചു എന്നു പ്രചരിപ്പിക്കയും കേസ്സ് കൊടുക്കുകയും ചെയ്യും. ബാലൻ ശാരോൻ കൺവൻഷൻ അലങ്കോലമാക്കി എന്നാകും പ്രചരണം. പൊതുജനമെന്ന കഴുത അതു വിശ്വസിക്കും. അതോടെ ബാലന്റെ കാര്യം കട്ടപ്പൊഹ.

പക്ഷേ ഇതൊന്നും നടന്നില്ല. സപ്ലിമെന്റ് വിതരണം ചെയ്യുന്ന വാർത്ത അറിഞ്ഞതോടെ ടി.ജി.കോശി ഉൾപ്പെടെയുള്ള നേതാക്കൻമാർ സ്ഥലത്തെത്തി. പത്രവിതരണം നിർത്താനും കോമ്പൗണ്ടിനു പുറത്തു പോകാനും അവർ മത്തങ്ങയോട് ആവശ്യപ്പെട്ടു. പിടിച്ചു നിൽക്കാൻ മത്തങ്ങ ആവതു ശ്രമിച്ചെങ്കിലും ആ ശ്രമം വിഫലമായി. അങ്ങനെ മത്തങ്ങ മടങ്ങിപ്പോയി. കൺവൻഷൻ കലക്കാനുള്ള ശ്രമം പൊളിഞ്ഞു.

## അവറാനും പ്രസംഗിച്ചു ശാരോനിൽ

''അമ്മായിയും കുടിച്ചു പാൽക്കഞ്ഞി'' എന്നു പറഞ്ഞതുപോലെ അവറാനും ശാരോൻ കൺവൻഷനിൽ പ്രസംഗിച്ചു. ഇത്തവണകൂടി പ്രസംഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ തന്റെ ഗ്യാസ് പോകുമെന്ന് അവറാനു ബോദ്ധ്യമായി. അതുകൊണ്ട് പ്രസംഗിക്കാൻ സമയം കിട്ടാനായി പതിനെട്ടടവും പയറ്റി. ഒടുവിൽ ആ ശ്രമം വിജയിച്ചു. അങ്ങനെ വ്യാഴാഴ്ച അല്പം സമയം കിട്ടി. പക്ഷേ അവറാൻ പ്രസംഗിക്കാൻ എഴുന്നേറ്റതോടെ പലരും ഇറങ്ങിപ്പോയി.

അവറാൻ അല്പ സമയം പ്രസംഗിച്ചെങ്കിലും എന്താണു പ്രസംഗിച്ചതെന്ന് കേട്ടവർക്കോ അവറാനു പോലുമോ മനസ്സിലായില്ല. പ്രസംഗം കേട്ട് ജനം ഉണർന്നു എന്നു വരുത്തിത്തീർക്കാൻ നടന്ന ശ്രമവും പാളി. ആരും ഉണർന്നില്ല. ആ കുറവു പരിഹരിക്കാൻ അവറാൻ ശനിയാഴ്ച ശ്രമിച്ചു. പ്രസംഗം അവസാനിപ്പിച്ചു പ്രസംഗകൻ ഇരുന്നപ്പോൾ അവറാൻ എഴുന്നേറ്റ് ഉണർവ്വുണ്ടാക്കാൻ ശ്രമിച്ചു. ഹാലേലൂയ്യാ, സ്തോത്രം, ഗ്ലോറി, അമേൻ, യേസ് എന്നൊക്കെ അലറിയിട്ടും ജനം ഇളകിയില്ല. അവറാൻ ശരിക്കും ബ്ലീച്ചടിച്ചു.

## അവറാൻ കെ. ഇ. ഏബ്രഹാമാകും

അവറാൻ കെ.ഇ.ഏബ്രഹാം ആകുമത്രേ. വിശദ വിവരം അറിയേണ്ടവർ യൂട്യൂബ് ലിങ്ക് നോക്കുക: (http://www.tsbalan.com/avaran.html) അവറാൻ പറയുന്നു: ''ഈ നൂറ്റാണ്ടിലെ കൊച്ചൊരു മാമ്മനുപദേശിയോ തൊമ്മനുപദേശിയോ സാധു കൊച്ചുകുഞ്ഞോ കെ.ഇ.ഏബ്രഹാമോ ഒന്നുമാകാൻ മടിയൊന്നുമെനിക്കില്ല.'' പോരേ പൂരം! അവറാൻ ദയവായി ഇത്ര വലിയ അതിക്രമമൊന്നും കാട്ടരുത്. പാവപ്പെട്ട പെന്തക്കോസ്തുകാർക്കു താങ്ങാൻ പറ്റിയെന്നു വരില്ല, പ്ലീസ്.......

## അവറാൻ പ്രവാചകനുമായി

കെ.എ.ഏബ്രഹാം എന്ന അവറാൻ പ്രവാചകനാണോ? അല്ലേ അല്ല. പക്ഷേ വെറും പ്രസംഗം കൊണ്ടു ഫലമില്ലെന്നു തോന്നിയാൽ ഇവൻ പ്രവചിക്കുകയും ചെയ്യും. ഗൾഫ് പര്യടനം നടത്തിയപ്പോൾ അവറാൻ ഈ വിദ്യ പ്രയോഗിച്ചിട്ടുണ്ട്. പക്ഷേ കേരളത്തിൽ ഈ പൂഴിക്കടകൻ പ്രയോഗിക്കുമെന്നു കരുതിയില്ല. എന്നാൽ ഈയിടെ അതും നടന്നു. മാവേലിക്കരയിൽ നടന്ന ഒരു ബൈബിൾ ക്ലാസ്സിന്റെ സമാപനമാണു രംഗം. അവറാൻ പാഞ്ചാലിപ്രസംഗം നടത്തിയത് ഇവിടെവച്ചാണ്. നിരവധി ആളുകൾ ഇവിടെ ക്ലാസ്സെടുത്തെങ്കിലും ഒരു ദൈവദാസന്റെ ക്ലാസ്സ് ഒന്നാംതരമായിരുന്നു. അതുകൊണ്ട് അവസാന ദിവസം അദ്ദേഹം സ്റ്റേജിലേക്കു വന്നപ്പോൾ എല്ലാവരും കൈയ്യടിച്ചു. അതോടെ അവറാന് അസഹനീയമായ അസൂയയുണ്ടായി. കുറച്ചു കഴിഞ്ഞ് അവറാൻ പ്രവചിച്ചു പകരം വീട്ടി. പ്രസംഗിക്കുന്നതിനിടയിൽ അവറാൻ ഈ ദൈവദാസന്റെ തലയിൽ കൈവച്ചു: ''നീ ബുദ്ധിയുടെ തലം വിട്ട് ഇറങ്ങിവന്നാൽ ഞാൻ നിന്നെ ശക്തമായി ഉപയോഗിക്കും'' എന്നൊരു പ്രവചനം കാച്ചി. ആ ദൈവദാസൻ ബുദ്ധി ഉപേക്ഷിച്ച് അവറാനേപ്പോലെ വിവരക്കേടു പ്രസംഗിക്കാൻ തുടങ്ങണം എന്നു ചുരുക്കം.

## ഗുട്ടൻസ് പിടികിട്ടി ജോൺസാ



ചെറുവക്കലിലെ ന്യൂലൈഫ് ബൈബിൾ സെമിനാരിയുടെ ഉടമസ്ഥനായ ജോൺസൺ ദാനിയേലിന് അവറാനോട് ഇത്ര സ്നേഹം തോന്നാൻ കാരണമെന്ത്? ചെറുവക്കലിൽ നടന്നിട്ടുള്ള കൺവൻഷനുകളുടെ സി.ഡി.കണ്ടപ്പോൾ ആ രഹസ്യം പിടികിട്ടി. പ്രസംഗത്തിനിടയിൽ അവറാൻ ജോൺസൺ ദാനിയേലിനെ വാനോളം പുകഴ്ത്തുന്നു. ഒന്നോ രണ്ടോ വട്ടമല്ല, സാഹചര്യം ഒത്തു കിട്ടുമ്പോഴെല്ലാം ഈ വാഴ്ത്തൽ ശുശ്രൂഷനടത്തുന്നു. ഈ പുകഴ്ത്തൽ ആസ്വദിച്ച് സന്തോഷിച്ചിരിക്കുന്ന ജോൺസണെ വീഡിയോയിൽ കാണാം. അവറാൻ അമേരിക്കയിൽ എത്തിയപ്പോൾ ഹൂസ്റ്റണിൽ കൊണ്ടുപോയി മീറ്റിംഗ് കൊടുത്തതിന്റേയും ചെറുവക്കൽ കണവൻഷന്റെ സ്ഥിരം പ്രസംഗകനാക്കിയതിന്റേയും ഗുട്ടൻസ് ഇതാണെന്ന് ഇപ്പോഴാണു പിടികിട്ടിയത്.

# നിങ്ങൾക്കും വലിയവനാകാം

നിങ്ങൾക്കും ആത്മീയ ലോകത്തു വലിയവനാകാം. ലോകമറിയുന്ന പ്രസംഗകനാകാം. പ്രവാചകനും രോഗശാന്തിക്കാരനുമാകാം. ഉലകം മുഴുവൻ ചുറ്റിയടിക്കാം. കൊട്ടാരം പോലുള്ള വീട്, ആഡംബര കാർ, കോടികളുടെ ബാങ്ക് ബാലൻസ് തുടങ്ങിയതൊക്കെ ഉണ്ടാക്കാം. പക്ഷേ ഒരു കണ്ടീഷൻ: നിങ്ങൾ ദൈവത്തെ മറക്കണം. അടവുകൾ പതിനെട്ടും പയറ്റാൻ തയ്യാറാകണം. എന്താ, ഒരുക്കമാണോ? ആണെങ്കിൽ ഇതാ സമൃദ്ധിയുടെ ഒരു ലോകം നിങ്ങൾക്കായി കാത്തിരിക്കുന്നു. തമാശ പറയുകയാണെന്നു ധരിക്കരുത്. സംഗതി സത്യമാണ്. ഏതു നിരക്ഷര കുക്ഷിക്കും ഇതൊക്കെ നേടാം.

കെ.സി.ജോൺ എങ്ങനെയാണ് ഐ.പി.സിയുടെ പ്രസിഡന്റു വരെ ആയത്? ആത്മീയതയുടെ കൂടുതലുകൊണ്ടാണോ? അല്ലെന്ന് ഏവർക്കും അറിയാമല്ലോ. സുരേഷ് ബാബു എന്ന വ്യഭിചാരി ലോകമറിയുന്ന രോഗശാന്തിവീരനായതെങ്ങനെ? കെ.എ.ഏബ്രഹാമും അനുജനും അത്യുഗ്രൻ പ്രസംഗകരായതെങ്ങനെ? എന്തിനേറെ, സാമച്ചനും തങ്കുവും മുല്ലക്കരയും ഇത്ര വളർന്നതെങ്ങനെ? ഇതൊക്കെ നിങ്ങൾക്കും സാധിക്കുന്ന കാര്യമാണ്. അതിനുള്ള മാർഗ്ഗങ്ങളാണു പഠിപ്പിക്കാൻ പോകുന്നത്.

നിരവധി ലക്കങ്ങൾ നീളുന്ന ഒരു ലേഖന പരമ്പരയാണിത്. അതുകൊണ്ടു പ്രാരംഭത്തിൽ തന്നെ ചില വസ്തുതകൾ വ്യക്തമാക്കുകയാണ്. വീണ്ടും ജനനം പ്രാപിച്ചവർക്കുവേണ്ടിയുള്ളതല്ല ഈ ലേഖന പരമ്പര. ദൈവവുമായി ഒരു ബന്ധവുമില്ലാത്തവർക്കു മാത്രമേ ഈ പരമ്പരയിൽ വിവരിക്കുന്ന മാർഗ്ഗങ്ങൾ ഉപയുക്തമാകൂ. പക്ഷേ ദൈവമക്കൾക്കും ഈ ലേഖനം പ്രയോജനം ചെയ്യും. കാരണം, സാത്താന്റെ ദാസൻമാർ എങ്ങനെയാണ് ആത്മീയതയുടെ മറവിൽ ജനവഞ്ചന നടത്തുന്നതെന്നു മനസ്സിലാക്കാൻ ഈ ലേഖനം സഹായകമാകും. അങ്ങനെ സാത്താന്യ തന്ത്രങ്ങളെ തിരിച്ചറിയാനും വ്യാജൻമാരിൽ നിന്നു രക്ഷപ്പെടാനും ഇതുമൂലം സാധിക്കും.

കത്തോലിക്കാ സഭയിലെ അച്ചനാകണമെങ്കിൽ ഒരു ദശാബ്ദത്തിലധികം കാലം സെമിനാരിയിൽ പഠിക്കണം. വിവാഹം, കുടുംബം തുടങ്ങിയതൊന്നുമില്ലാതെ ജീവിക്കണം. ഇതര ക്രൈസ്തവ സമുദായങ്ങളിലെ പുരോഹിതനാകുന്നതും ബുദ്ധിമുട്ടുള്ള കാര്യം തന്നെ. ബി.ഡി. ഡിഗ്രിയെങ്കിലുമില്ലാത്തവരെ ഇപ്പോൾ പുരോഹിതരാക്കാറില്ല. എന്നാൽ പെന്തക്കോസ്തിൽ ഇതൊന്നും വേണ്ട. പാന്റോ (മുണ്ടോ) ധരിച്ച് ഫുൾക്കൈ ഷർട്ടിട്ട് വേദപുസ്തകവുമെടുത്തിറങ്ങിയാൽ പാസ്റ്ററായി. സുഖമേ മായം.

നിങ്ങൾ ഏതെങ്കിലും ഒരു പെന്തക്കോസ്ത് സഭയിൽ അംഗമാകുകയാണ് ആദ്യം ചെയ്യേണ്ടത്. ഐ.പി.സി ആയാൽ ഏറെ നല്ലത്. ചെറിയ സഭകളിലുള്ളവർ എത്രയും വേഗം ഐ.പി.സിയിൽ അംഗമാകുക. ഏറ്റവും അധികം സഭകളുള്ളത് ഐ.പി.സിക്കാണ് എന്നതുതന്നെ കാരണം. കർത്താവായ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു എന്നു പറഞ്ഞാൽ സ്നാനപ്പെടാം. അതോടെ പ്രാദേശിക സഭയിൽ അംഗമാകും. ഏതാനും മാസം അടങ്ങിയിരുന്നു കാര്യങ്ങളൊക്കെ കണ്ടു പഠിക്കണം. അതു കഴിഞ്ഞു മാത്രമേ ശുശ്രൂഷയുമായി ഇറങ്ങാവൂ.

ശുശ്രൂഷക്ക് ഇറങ്ങുന്നവർക്കെല്ലാം പറയാൻ നല്ല ഒരു സാക്ഷ്യം വേണം. പെന്തക്കോസ്തിനെ എതിർത്തു നടന്നു, മദ്യത്തിനും മയക്കുമരുന്നിനും അടിമയായി ജീവിച്ചു, ഒടുവിൽ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു പരാജയപ്പെട്ടു, അപ്പോൾ കർത്താവു നേരിട്ടു പ്രത്യക്ഷനായി, തുടങ്ങി പറയാവുന്നത്ര കള്ളങ്ങൾ സാക്ഷ്യത്തിൽ ഉണ്ടായിരിക്കണം. കർത്താവിന്റെ വാക്കു കേട്ടു സ്നാനപ്പെട്ടതോടെ ബന്ധുമിത്രാദികൾ, മറ്റു സുവിശേഷ വിരോധികൾ തുടങ്ങിയവർ എതിർപ്പുമായി രംഗത്തുവന്നു. തുടർന്ന് അടി, ഇടി, വെടി, ചവിട്ട്, പട്ടിണി തുടങ്ങിയതൊക്കെ അനുഭവിച്ചു. കേൾക്കുന്നവരുടെ കരളലിയാൻ വേണ്ടതൊക്കെ സാക്ഷ്യത്തിലുണ്ടായിരിക്കണം.

കള്ളസാക്ഷ്യമുണ്ടാക്കുമ്പോൾ നസീല ബീവി, സുരേഷ് ബാബു തുടങ്ങിയവർക്കു പറ്റിയ അബദ്ധങ്ങൾ പറ്റാതിരിക്കാൻ ശ്രദ്ധിക്കണം. സാമാന്യ ബുദ്ധിക്കു നിരക്കാത്ത കാര്യങ്ങൾ വരെ നസീല ബീവി പറഞ്ഞു. അവരുടെ സാക്ഷ്യം കള്ളസാക്ഷ്യമാണെന്നു സംശയമുദിക്കാൻ ഇതു കാരണമായി. സുരേഷിനു പറ്റിയതും ഇതൊക്കെത്തന്നെ. തമിഴ്നാട് സർക്കാർ നടത്തുന്ന എൻട്രൻസ് പരീക്ഷ പാസ്സായി മദ്രാസ്സ് ഐ.ഐ.റ്റിയിൽ അഡ്മിഷൻ നേടി എന്നു പറഞ്ഞതാണു സുരേഷിനു വിനയായത്. ഐ.ഐ.റ്റിയിൽ അഡ്മിഷൻ ലഭിക്കാൻ സംസ്ഥാന സർക്കാരുകൾ നടത്തുന്ന പ്രവേശന പരീക്ഷ എഴുതിയാൽ പോരാ ജെ.ഈ.ഈ എഴുതണം. സുരേഷിന് ഇതറിഞ്ഞുകൂടായിരുന്നു.

ആർക്കും പിടികൂടാനാവാത്ത കള്ളങ്ങൾ പറയുക എന്നത് എളുപ്പമാണ്. ഉദാഹരണത്തിനു സാമച്ചൻ പറയുന്ന കള്ളങ്ങൾ ശ്രദ്ധിക്കുക. ഷാർജയിലെ ഷേക്ക്, ശ്രീലങ്കൻ പ്രസിഡന്റ് തുടങ്ങിയവരൊക്കെ പ്രാധാന തീരുമാനങ്ങളെടുക്കുന്നത് സാമച്ചനോടു ചോദിച്ചിട്ടാണത്രേ. ഈ പറയുന്നതു കള്ളമാണെന്ന് എങ്ങനെ തെളിയിക്കും? ശ്രീലങ്കൻ പ്രസിഡന്റിനോടും ഷാർജയിലെ ഷേക്കിനോടും ചോദിക്കാൻ പറ്റുമോ? സാമച്ചൻ ഒരിക്കൽ മോറീസ് സെറില്ലോയോടു ഫോണിൽ സംസാരിക്കുകയായിരുന്നു. ഇടയ്ക്കു സംസാരം അന്യ ഭാഷയിലായി. എല്ലാം കഴിഞ്ഞപ്പോൾ മോറീസ് സെറില്ലോ പറഞ്ഞു: നിങ്ങൾ ഇപ്പോൾ സംസാരിച്ചത് എന്റെ മാതൃഭാഷയായ എബ്രായഭാഷയിലാണ്. ദൈവാത്മാവിൽ നിറഞ്ഞ് നിങ്ങൾ പ്രവചിക്കുകയായിരുന്നു. (എന്തതിശമേ....). ഈ അവകാശവാദം തെറ്റാണെന്ന് എങ്ങനെ തെളിയിക്കും? ഇത്തരം സാക്ഷ്യങ്ങളാണു പറയേണ്ടത്.

പാരമ്പര്യത്തിനു പെന്തക്കോസ്തിൽ നല്ല മാർക്കറ്റുണ്ട്. അതുകൊണ്ട് പാരമ്പര്യവും കുടുംബ മഹിമയും പറയാൻ മറക്കരുത്. ഏതെങ്കിലും ക്രൈസ്തവ സമുദായത്തിലെ അംഗമായിരുന്നു നിങ്ങളെങ്കിൽ തോമ്മാശ്ലീഹാ വരെ എത്തുന്ന പാരമ്പര്യം പറയണം. നിരവധി അച്ചൻമാരും തിരുമേനിമാരും മറ്റും ഉള്ള കുടുംബമായിരുന്നു നിങ്ങളുടേത് എന്നു തട്ടിവിടണം. കുറെ അച്ചൻമാരുടെ പേരുകൾ സങ്കല്പിച്ചുണ്ടാക്കി നല്ല സ്പീഡിൽ പറയണം. പറയുന്നത് അച്ചൻമാരുടെ പേരാണെന്നല്ലാതെ ഒന്നും മനസ്സിലാകരുത്.

നിങ്ങൾ അച്ചനായിരുന്നു എന്നു പറയുന്നതും ഗുണം ചെയ്തേക്കാം. എവിടുന്നെങ്കിലും ഒരു കുപ്പായം സംഘടിപ്പിക്കുകയാണ് ആദ്യം ചെയ്യേണ്ടത്. ആ കുപ്പായവുമിട്ടു ഫോട്ടോ എടുക്കണം. പല പോസിലുള്ള ഫോട്ടോകൾ വേണം. ഈ ഫോട്ടോകൾ പൊന്നുപോലെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കുക. നിങ്ങൾ അച്ചനായിരുന്നു എന്നതിന്റെ വിലപ്പെട്ട രേഖയാണിത്. ഈ തന്ത്രം ഫലപ്രദമായി എങ്ങനെ വിനിയോഗിക്കണമെന്നറിയേണ്ടവർ ലാൽ കെ.തോമസിനോടു ചോദിച്ചാൽ മതി. പക്ഷേ ഒരു കാര്യം ശ്രദ്ധിക്കണം: അച്ചനായിരുന്നവർക്ക് കുർബ്ബാന ചൊല്ലാനും മറ്റുമുള്ള അറിവുണ്ടായിരിക്കണം. വലിയ ബുദ്ധിമുട്ടില്ലാതെ പരിഹരിക്കാവുന്ന പ്രശ്നമാണിത്. ഒരു കുർബ്ബാനക്രമം വാങ്ങുക. അതിലെ കുറെ ചൊല്ലും ചെലുത്തും മറ്റും മന:പാഠമാക്കുക. സാക്ഷ്യം പറയുന്നതിനിടയിൽ ഈ ചൊല്ലുകൾ അവസരോചിതമായി ചൊല്ലുക. ആരും സംശയിക്കുകയില്ല.



നിങ്ങൾ ഹൈന്ദവനായിരുന്നെങ്കിൽ സാക്ഷ്യം ഒന്നാംതരമാക്കാം. നിങ്ങൾ ഏതു ജാതിയിൽ പെട്ടവനായാലും നായരിൽ കുറഞ്ഞ ഒരു ജാതിയും പറയരുത്. ബ്രാഹ്മണനായിരുന്നു എന്നു പറയുന്നത് ഏറെ ഗുണം ചെയ്യും. ബ്രാഹ്മണനായിരുന്നു എന്നു തെളിയിക്കാൻ നാലഞ്ചു ശ്ലോകങ്ങൾ ചൊല്ലുന്നതും നല്ലതാണ്. പാപോഹം പാപകർമ്മോഹം, അസതോമാ സത്ഗമയാ, പരിത്രാണായ സാധൂനാം തുടങ്ങിയവ എളുപ്പം പഠിക്കാം. സ്വന്തമായി അമ്പലമുണ്ടാക്കി പൂജ ചെയ്തിരുന്നെന്നും പൂജാരിയായ തന്നെ നാട്ടുകാർ ദൈവത്തേപ്പോലെ കണ്ടിരുന്നെന്നും പറയാം. മറ്റുള്ളവരെ രക്ഷിക്കുന്ന തനിക്ക് സമാധാനമില്ലായിരുന്നു, ദൈവത്തെ തേടി നടന്നു, ആത്മഹത്യയ്ക്കു ശ്രമിച്ചു തുടങ്ങിയവയും പറയാം.

നിങ്ങൾ മുസ്ലീമായിരുന്നെങ്കിൽ അപ്പൻ മൗലവിയായിരുന്നു എന്നു വേണം പറയാൻ. ബാപ്പാ മക്കത്തു പോയ കഥ വിശദമായി പറയണം. ഖുറാനിൽ നിന്നു ചില വാക്യങ്ങളൊക്കെ അറബിയിൽത്തന്നെ മന:പാഠമാക്കണം. അവസരം കിട്ടുമ്പോൾ ഇവ ചൊല്ലി അർത്ഥം പറയണം. ഖുറാനിലുള്ള ഈസാ നബിയേക്കുറിച്ചും പറയണം. ഈസാ വെറും നബി മാത്രമല്ല ലോകരക്ഷകനാണെന്നും ദൈവമാണെന്നും മറ്റും കണ്ടെത്തിയ കഥ വിവരിക്കുകയും വേണം.

ഇങ്ങനെ നല്ല ഒരു സാക്ഷ്യം ഉണ്ടാക്കിക്കഴിഞ്ഞാൽ ആ സാക്ഷ്യം വള്ളിപുള്ളി തെറ്റാതെ പറയാൻ പഠിക്കണം. ഒരിടത്ത് ഒരു വിധത്തിലും മറ്റൊരിടത്ത് മറ്റൊരു വിധത്തിലും പറഞ്ഞാൽ പ്രശ്നമാകും. എവിടെ സാക്ഷ്യം പറഞ്ഞാലും ഒന്നുപോലെ പറയണം. പറയുന്നതു കള്ളമാണെങ്കിലും അതിലും വേണം അല്പം സത്യസന്ധത. ഓരോ സ്ഥലത്തും ഓരോ വിധത്തിൽ സാക്ഷ്യം പറഞ്ഞതുമൂലം നസീലാ ബീവി വളരെയധികം ബുദ്ധിമുട്ടിയിട്ടുണ്ട്. അതുകൊണ്ട് തെറ്റുകൂടാതെ കള്ളം പറയാൻ പഠിക്കണം.

തെറ്റുകൂടാതെ കള്ളസാക്ഷ്യം പറയാൻ പഠിച്ചു കഴിഞ്ഞാൽ ശുശ്രൂഷയ്ക്കിറങ്ങാം. ക്ലീൻ ഷേവ് ചെയ്യുക. അല്ലെങ്കിൽ താടിയും മീശയും ഒന്നിച്ചു വളർത്തുക. താടി വടിച്ച് മീശയും വച്ചു നടന്നാൽ ന്യൂ ജനറേഷൻ സഭകൾക്കു വിരോധം തോന്നുകയില്ലെങ്കിലും പാരമ്പര്യവാദികൾക്ക് ഇഷ്ടമാകില്ല. മുണ്ട്, അല്ലെങ്കിൽ കറുത്ത പാന്റ്, ഫുൾക്കൈ ഷർട്ട് എന്നിവ മസ്റ്റ്. ഷർട്ട് വെള്ളയായാൽ ഏറെ നന്ന്. ജൂബ്ബയും സ്വീകാര്യം. ജൂബ്ബയ്ക്ക് ഇറക്കം എത്ര കൂടുന്നോ അത്രയും നല്ലത്. ജൂബ്ബയുടെ കൈയ്ക്കും പരമാവധി നീളമുണ്ടായിരിക്കണം. വിരലുകളുടെ അറ്റം മാത്രം പുറത്തു കാണുന്ന വിധത്തിലായാൽ ജോറാകും. ഈ വിഷയത്തിൽ മത്തങ്ങാ തോമസ്കുട്ടിയെ മാതൃകയാക്കാം.

സാധാരണ ശുശ്രൂഷയ്ക്കു പോകുമ്പോൾ ധരിക്കേണ്ട വേഷങ്ങളേക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. പക്ഷേ ഫോട്ടോ എടുക്കുമ്പോൾ ഇതു പോരാ. കണ്ഠകൗപീനം കെട്ടി കോട്ടുമിട്ടുവേണം ഫോട്ടോ എടുക്കാൻ. ആരെങ്കിലും ഫോട്ടോ ചോദിച്ചാൽ കൗപീനം ധരിച്ച ഫോട്ടോ മാത്രമേ കൊടുക്കാവൂ.

സ്വന്ത ദേശത്തു സാക്ഷ്യം പറയാതിരിക്കാൻ ശ്രദ്ധിക്കണം. പറഞ്ഞാൽ സീക്രട്ട്സു മുഴുവൻ പുറത്താകും. അതുകൊണ്ട് മറ്റു ദേശങ്ങളിൽ ചെന്നു മാത്രമേ സാക്ഷ്യം പറയാവൂ. അതിനുള്ള വഴിയും പറഞ്ഞുതരാം. ദൂരെ എവിടെയെങ്കിലും കൺവൻഷൻ നടക്കുന്നതായി അറിഞ്ഞാൽ അല്പം നേരത്തെ സ്ഥലത്തെത്തുക. കൺവൻഷന്റെ ചുമതലയുള്ള പാസ്റ്ററുമായി പരിചയത്തിലാകുക. പാസ്റ്ററെ പറഞ്ഞു മയക്കി അല്പ സമയം ചോദിച്ചു വാങ്ങുക. അഞ്ചു മിനിട്ടായാലും മതി. അങ്ങനെ ലഭിക്കുന്ന സമയം തക്കത്തിൽ വിനിയോഗിക്കുക. ഈ വിദ്യ ഫലപ്രദമായി വിനിയോഗിച്ചു വളർന്നുവന്ന ആളാണ് കെ.എ.ഏബ്രഹാം. ആ മാന്യദേഹത്തോടു ചോദിച്ചാൽ ഒരുപക്ഷേ ഈ തന്ത്രത്തിന്റെ വിശദാംശങ്ങൾ അറിയാൻ കഴിഞ്ഞേക്കും.

കൺവൻഷൻ ഇല്ലാത്ത സീസണിൽ സഭകൾ സന്ദർശിക്കാം. ദൂരെ എവിടെയെങ്കിലുമുള്ള ഒരു സഭയിൽ ഞായറാഴ്ച എത്തുക. പാസ്റ്ററുമായി പരിചയപ്പെട്ടു സാക്ഷ്യത്തിനുള്ള സമയം ചോദിച്ചു വാങ്ങുക. സഭായോഗമായതുകൊണ്ട് വിശേഷിച്ച് അനുവാദം കൂടാതെയും സാക്ഷ്യം പറയാം. പക്ഷേ മേശയ്ക്കരികിൽ ചെന്നുനിന്നുവേണം സാക്ഷ്യം പറയാൻ. വിശ്വാസികളുടെ ഇടയിൽ എഴുന്നേറ്റു നിന്നു സാക്ഷ്യം പറഞ്ഞാൽ വില കിട്ടില്ല.

സാക്ഷ്യം പറയുന്നതു കൺവൻഷനായാലും സഭായോഗത്തിനായാലും ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക: യോഗം കഴിഞ്ഞാലുടൻ സ്ഥലം വിടരുത്. ഓടിനടന്ന് എല്ലാവർക്കും കൈ കൊടുക്കുക. പേരും മറ്റും ചോദിച്ചു പരിചയപ്പെടുക. അക്കൂട്ടത്തിൽ അമേരിക്കക്കാരോ ഗൾഫുകാരോ മറ്റു പണക്കാരോ ഉണ്ടെങ്കിൽ പ്രത്യേകം പരിചയപ്പെടണം. നമ്പരും വിലാസവും മറ്റും ചോദിച്ചു മനസ്സിലാക്കണം. മറന്നു പോകാതിരിക്കാൻ എഴുതി വയ്ക്കണം. എല്ലാവർക്കും സ്വന്തം വിസിറ്റിംഗ് കാർഡ് കൊടുക്കണം. ഈ കൈകൊടുപ്പു ശുശ്രൂഷയ്ക്കിടയിൽ ചിലരൊക്കെ പണം തരും. "വേണ്ടാരുന്നല്ലോ" എന്നു പറഞ്ഞ് എല്ലാം വാങ്ങുക. പണം തരുന്ന വിഡ്ഢികളെ പ്രത്യേകം നോട്ടു ചെയ്യുക. അവരിൽ നിന്നു ഭാവിയിലും പണം കിട്ടിയേക്കാം.

കൺവൻഷനാണെങ്കിൽ ആ രാത്രി അവിടെത്തന്നെ തങ്ങാൻ ശ്രമിക്കുക. പാസ്റ്ററുമായി മുൻകൂട്ടി പരിചയപ്പെട്ടിട്ടുള്ളതുകൊണ്ട് ശാപ്പാടും കിടക്കാനുള്ള സൗകര്യവും ലഭിക്കും. പിറ്റേന്നു തിരികെ പോരുമ്പോൾ ചെറിയ തോതിലെങ്കിലും ഒരു കൈമടക്കും കിട്ടും. സഭായോഗത്തിലാണു സംബന്ധിച്ചതെങ്കിൽ പാഴ്സനേജിൽ നിന്നു ഭക്ഷണം കഴിച്ചശേഷമേ മടങ്ങാവൂ. ഭക്ഷണം കൂടാതെ ഒരു കൈമടക്കും കിട്ടാൻ ഇതു സഹായകമാകും. ഭക്ഷണം കഴിക്കുമ്പോൾ ഓരോ കറിയുടേയും രുചിയേക്കുറിച്ചു പറഞ്ഞു പുകഴ്ത്തണം. പാസ്റ്ററുടെ ഭാര്യയുടെ പ്രീതി നേടിയെടുക്കാൻ ഇതുമൂലം കഴിയും. ഉയർച്ചയുടെ ആദ്യപടവുകളേക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. ഇനി എന്തു ചെയ്യണമെന്ന് അടുത്ത ലക്കത്തിൽ പറയാം.

RNI No. 68089 / 97
2009 December 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# രാജന്റെ ഇതിഹാസം: ഒരു തുടർക്കഥ

പരമ വിശുദ്ധർ ചമഞ്ഞു നടക്കുന്ന പലരും കാട്ടിക്കൂട്ടുന്ന വൃത്തികേടുകളുടെ ഭീകരത വിവരിച്ചാൽ വിശ്വാസം വരില്ല. ഇത്തരത്തിലുള്ള ഹീനകൃത്യങ്ങൾ ചെയ്യുന്നതു തൊഴിലാക്കിയ ഒരു പരമ നീചനാണ് രാജൻ റ്റി. തറയശ്ശേരി. ഇവന്റെ പാട്ടും ആരാധനയും മറ്റും കണ്ടാൽ ഇവനോളം വലിയ ഒരു വിശുദ്ധൻ ഈ ഭൂഗോളത്തിലില്ലെന്നു തോന്നും.

ഇത്രയും വായിച്ചപ്പോൾ പലർക്കും ഒരു സംശയമുണ്ടാകാം: രാജനെ എതിർക്കുന്നവരെല്ലാം പരമ വിശുദ്ധരാണോ? ആണെന്നു ഡിഫെൻഡർ പറഞ്ഞിട്ടില്ല, പറയുകയുമില്ല. ദ്രവ്യാഗ്രഹികൾ, അധികാരമോഹികൾ, രാജൻ ചെയ്യുന്നതിലും അധികം വൃത്തികേടുകൾ കാട്ടിക്കൂട്ടുന്നവർ തുടങ്ങിയവർ ഇവനെ എതിർക്കുന്ന ചേരിയിലുണ്ട്. അവരേക്കുറിച്ച് എഴുതേണ്ട ആവശ്യം വന്നാൽ എഴുതും. പക്ഷേ രാജന്റെ ശത്രുക്കളും നീചൻമാരാണെന്ന കാരണത്താൽ രാജനെ വെറുതെ വിടാനാവില്ല എന്നു ചുരുക്കം.

രാജന് അനുകൂലമായി നിൽക്കുന്നവരുടെ കൂട്ടത്തിലുള്ള ചിലരുടെ കലാപരിപാടികളും മോശമല്ല. സാഹിത്യകാരനും ഊമക്കത്തു വീരനും മറ്റും ഒന്നാംതരം കലാകാരൻമാരാണ്. ഇവരേക്കുറിച്ച് ഈ ലക്കത്തിൽ എഴുതണമെന്നു കരുതിയിരുന്നെങ്കിലും രാജന്റെ കാര്യം വിട്ടിട്ട് ഈ സമയത്ത് അവന്റെ ശിങ്കിടികളിലേക്കു കടക്കുന്നതു ശരിയല്ല എന്നതുകൊണ്ട് അതിനു തുനിയുന്നില്ല.

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായി അടുപ്പത്തിലാകുകയും അവരുടെ നിഷ്ക്കളങ്കത മുതലെടുത്ത് ലൈംഗീക ചൂഷണം നടത്തുകയുമാണ് രാജന്റെ സ്ഥിരം പരിപാടി. താൻ ഇങ്ങനെയൊന്നും ചെയ്തിട്ടില്ലെന്നും തന്നെ തകർക്കാനായി ശത്രുക്കൾ പറഞ്ഞു പരത്തുന്ന കള്ളമാണിത് എന്നുമത്രേ രാജൻ പറയുന്നത്. പക്ഷേ ഇത്തരത്തിലുള്ള നിരവധി സംഭവങ്ങളുണ്ടെന്ന വസ്തുത പരിഗണിക്കണം. ഈ മാതാപിതാക്കളെല്ലാം സ്വന്തം കുഞ്ഞുങ്ങളെ ഉൾപ്പെടുത്തി രാജനെതിരെ അപവാദം പ്രചരിപ്പിക്കുന്നു എന്ന വാദം കോത്താഴത്തുള്ളവർ വിശ്വസിച്ചേക്കാം. പക്ഷേ ഈ തന്ത്രം ഡിഫെൻഡറിനോടു വേണ്ട.

രണ്ടു വർഷം മുൻപു നടന്ന ഒരു സംഭവം ഇതാ. പതിവുപോലെ രാജൻ ഒരു പെൺകുട്ടിയുമായി അടുത്തു. നൻമയും തിൻമയും തിരിച്ചറിയാനുള്ള പ്രായം ആയിട്ടില്ലാത്ത ആ പെൺകുട്ടിക്ക് രാജനിലെ മൃഗത്തെ തിരിച്ചറിയാൻ കഴിഞ്ഞില്ല. ഇതേ സമയത്തുതന്നെ രാജന് മറ്റൊരു പെൺകുട്ടിയുമായി അവിഹിതബന്ധമുണ്ടായിരുന്നു. ആ കുട്ടിയുടെ സഹായത്തോടെയാണ് മറ്റു കുട്ടികളെ ഈ നീചൻ കെണിയിൽ പെടുത്തിയിരുന്നത്. ഈ കുട്ടികളുടേയും അവരുടെ മാതാപിതാക്കളുടേയും പേരും വിലാസവും ഞങ്ങളുടെ കൈവശമുണ്ടെങ്കിലും അവർക്ക് അപമാനം വരുത്താൻ താല്പര്യമില്ലാത്തതുകൊണ്ട് അ



തൊന്നും വെളിപ്പെടുത്തുന്നില്ല. പക്ഷേ ഇവന്റെ മക്കളുടെ പ്രായം മാത്രമുള്ള കുട്ടികളോടാണ് ഇവൻ ഈ നീചകൃത്യങ്ങളൊക്കെ ചെയ്യുന്നത് എന്ന വസ്തുത ഗൗരവത്തിലെടുക്കണം.

നിഷ്ക്കളങ്കമായ സ്നേഹം നടിച്ച് വശത്താക്കിയ ഒരു പെൺകുട്ടിയെ രാജൻ തട്ടിക്കൊണ്ടുപോയി ബലാൽസംഗം ചെയ്യാൻ ശ്രമിച്ച കഥയാണു പറയാൻ പോകുന്നത്. ഈ പെൺകുട്ടി പതിവുപോലെ സ്ക്കൂൾ ബസ്സിൽ ഉച്ചക്ക് 1.50ന് വീടിന്റെ മുൻപിൽ വന്നിറങ്ങി. അതിന് ബസ്സിന്റെ ഡ്രൈവറും മറ്റു കുട്ടികളും സാക്ഷികളാണ്. സ്ക്കൂൾ ബസ്സ് പോയ ഉടൻ രാജൻ ഈ കുട്ടിയുടെ അടുത്തെത്തി. ഈ കുട്ടിയുടെ ഒരു കൂട്ടുകാരിക്കു കൊടുക്കാനുള്ള ഒരു സമ്മാനം രാജന്റെ കാറിൽ ഉണ്ടെന്നും അതു വാങ്ങി കൂട്ടുകാരിക്കു കൊടുക്കണമെന്നും രാജൻ പറഞ്ഞു.

അങ്ങനെ കാറിനടുത്തെത്തിയ കുട്ടിയെ രാജൻ ബലമായി കാറിൽ പിടിച്ചു കയറ്റിക്കൊണ്ടുപോയി. അപ്രതീക്ഷിതമായുണ്ടായ ഈ നടപടിമൂലം ഭയന്നു വിറച്ച ആ കുട്ടിക്ക് രാജനെ അനുസരിക്കുക മാത്രമേ വഴിയുണ്ടായിരുന്നുള്ളൂ. അങ്ങനെ രണ്ടു മണിക്കൂർ സമയം രാജൻ ഈ കുട്ടിയുമായി അബുദാബിയിൽ ചുറ്റിക്കറങ്ങി. ഈ കുട്ടിയെ ബലാൽസംഗം ചെയ്യാനായിരുന്നു രാജന്റെ പദ്ധതി. പക്ഷേ അതിനു യോജിച്ച ഒരു സ്ഥലം കണ്ടെത്താൻ രാജനു കഴിഞ്ഞില്ല.

കുട്ടി സ്ക്കൂളിൽ നിന്നു തിരിച്ചെത്തേണ്ട സമയം കഴിഞ്ഞിട്ടും വരാത്തതുകൊണ്ട് മാതാപിതാക്കൾ പരിഭ്രാന്തരായി. കുട്ടി സ്ക്കൂൾ ബസ്സിൽ വന്നു വീടിന്റെ മുൻപിൽ യഥാസമയം ഇറങ്ങി എന്നുകൂടി അറിഞ്ഞതോടെ അവരുടെ പരിഭ്രമം ഇരട്ടിച്ചു. അവർ കുട്ടിയെ മൊബൈലിൽ വിളിച്ചു. താൻ ഒരു കൂട്ടുകാരിയോടൊപ്പമാണെന്നു മറുപടി പറയാൻ രാജൻ നിർദ്ദേശിച്ചു. അങ്ങനെ മറുപടി പറയുകയല്ലാതെ ആ കുട്ടിക്ക് മറ്റൊരു പോംവഴിയുമില്ലായിരുന്നു. എന്നാൽ പ്രശ്നം ഗുരുതരമാകുകയാണെന്നു മനസ്സിലായതോടെ രാജൻ ഈ കുട്ടിയെ ആൾപ്പാർപ്പില്ലാത്ത ഒരിടത്ത് ഇറക്കിവിട്ടിട്ടു സ്ഥലം വിട്ടു. മാതാപിതാക്കൾ അവിടെയെത്തി കുട്ടിയെ കൂട്ടിക്കൊണ്ടുപോയി. ഈ സംഭവത്തിന്റെ ഷോക്കിൽ കുട്ടി ഏതാനും ദിവസങ്ങൾ പനിച്ചു കിടന്നുപോയി.

പനി മാറിയപ്പോൾ മാതാപിതാക്കൾ കുട്ടിയിൽ നിന്നു കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ഉടൻ തന്നെ അവർ പാസ്റ്റർ എം.സി ചാക്കോയ്ക്കു പരാതി കൊടുത്തു. രാജൻ മാപ്പു പറയാമെന്നു സമ്മതിച്ചതുകൊണ്ട് അവർ പോലീസിൽ പരാതി നൽകിയില്ല. രാജൻ എഴുതിക്കൊടുത്ത മാപ്പപേക്ഷയിൽ ഇപ്രകാരം പറയുന്നു:

“താങ്കളുടെ മകളുമായി ബന്ധപ്പെട്ടുണ്ടായ വിഷയത്തിൽ ഞാൻ മുഖാന്തരം തെറ്റിദ്ധാരണകളുണ്ടായി. നിങ്ങളുടെ ഹൃദയത്തിന് അതു വിഷമമായിത്തീർന്നു എന്നറിയുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ മേലിൽ ഉണ്ടാകാതെ ഞാൻ സൂക്ഷിക്കുന്നതാണ്. ദൈവനാമത്തിൽ എന്നോടു ക്ഷമിക്കണം.” രാജൻ ചെയ്ത തെറ്റിന് ഉചിതമായ ഒരു ക്ഷമാപണമായിരുന്നില്ല ഇത്. എങ്കിലും ആ മാതാപിതാക്കൾ ദൈവനാമത്തിൽ ക്ഷമിച്ചു. പക്ഷേ പ്രശ്നം കെട്ടടങ്ങിയതോടെ രാജന്റെ തനിനിറം പുറത്തുവന്നു. ഇങ്ങനെ ഒരു സംഭവമേ ഉണ്ടായിട്ടില്ലെന്നും രാജനോടുള്ള വൈരാഗ്യം തീർക്കാനായി അവർ കെട്ടിച്ചമച്ചുണ്ടാക്കിയതാണ് ഈ കഥയെന്നുമായി പ്രചരണം. രാജൻ പറഞ്ഞതു വിശ്വസിക്കാനും ആളുണ്ടായി എന്നതാണ് അത്ഭുതകരം. ഏതെങ്കിലും മാതാപിതാക്കൾ സ്വന്തം മകളെ ഉൾപ്പെടുത്തി ഇത്തരമൊരു കള്ളക്കഥ ഉണ്ടാകുമോ എന്നുപോലും ഈ വിഡ്ഢികൾ ചിന്തിച്ചില്ല. രാജനുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.–1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.–2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.–3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.–4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.–6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.–7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.–8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.–10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.–1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.–2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.–3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.–4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.–5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.–6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.–7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.–8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.–9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.–10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് – 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്–1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് – US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്– US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan